# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിതറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA KLM/P3/2153/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 28/12/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിതറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിതറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിതറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P3/2153/2023 തീയ്യതി: 28/12/2023

## കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-02-2023 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽ കുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 04-12-2023 | 11-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-12-2023 | 11-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഐസക്ക് ജോൺ, (എ.ഒ (ഹ.ഗ്രേ))
ശ്രീ. അരുൺകുമാർ. എ, (അസി. ഓഡിറ്റ് ഓഫീസർ)
ശ്രീ. അനീഷ്. എ, (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. ജയേഷ്. ജെ ബി, (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി. റജിന. എ. എസ്, (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.എസ്.മുരളി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സുനിൽ.എസ്സ് | സെക്രട്ടറി | 01-04-2022 | 05-12-2022 |
| ശ്രീമതി. സിന്ധു എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-12-2022 | 25-12-2022 |
| ശ്രീ.സുനിൽ.എസ്സ് | സെക്രട്ടറി | 26-12-2022 | 11-01-2023 |
| ശ്രീമതി. സിന്ധു എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-01-2023 | 12-02-2023 |
| ശ്രീ.രാജേഷ് ആർ | സെക്രട്ടറി | 13-02-2023 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷായിസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.എം.എ.നിസാം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.രാഗേഷ്.എസ്.ആർ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷമീലാബീവി.ഇ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 14-10-2022 |
| ശ്രീ അരുൺ കെ | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-10-2022 | 03-11-2022 |
| ശ്രീമതി. സിന്ധു എൽ | അസിസ്റ്റന്റ് സെക്രട്ടറി | 04-11-2022 | 31-03-2023 |
| ശ്രീ.രാജു | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.നജുമാ ബീവി | വി.ഇ.ഒ(ചിതറ സർക്കിൾ) | 01-04-2022 | 03-10-2022 |
| ശ്രീമതി.പ്രീത എം ജി | വി.ഇ.ഒ(ചിതറ സർക്കിൾ) | 04-10-2022 | 31-03-2023 |
| ശ്രീ.അരുൺ പ്രസാദ് | വി.ഇ.ഒ(മാങ്കോട് സർക്കിൾ) | 01-04-2022 | 30-09-2022 |
| ശ്രീ.നിസാമുദ്ദീൻ | വി.ഇ.ഒ(മാങ്കോട് സർക്കിൾ) | 01-10-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് ഷാഫി | വി.ഇ.ഒ(മടത്തറ സർക്കിൾ) | 01-04-2022 | 19-07-2022 |
| ശ്രീമതി.നജുമാ ബീവി | വി.ഇ.ഒ(മടത്തറ സർക്കിൾ-ഇൻ-ചാർജ്ജ് ) | 20-07-2022 | 04-08-2022 |
| ശ്രീമതി.പ്രീത എം ജി | വി.ഇ.ഒ(മടത്തറ സർക്കിൾ) | 05-08-2022 | 03-10-2022 |
| ശ്രീമതി. രമ്യ രമണൻ | വി.ഇ.ഒ(മടത്തറ | 04-10-2022 | 31-03-2023 |

| | | | |
|---|---|---|---|
| | സർക്കിൾ) | | |
| ശ്രീ അജാസ് മുഹമ്മദ് | അസി. എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.വിജി ചന്ദ്രൻ നായർ.സി.എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 19-10-2022 |
| ശ്രീമതി.സബന്നിസ ജെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 20-10-2022 | 10-01-2023 |
| ശ്രീമതി. ലേഖ എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11-01-2023 | 31-03-2023 |
| ഡോ.വിനോദ് കുമാർ.വി.കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി. സൗമ്യ | അസി. എഞ്ചിനീയർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടില്ല. | 1-1-01 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-02 |
| 4 | ഗ്രാന്റ് ഇനത്തിലെ റീഫണ്ട് 54,69,399/-രൂപ തനത് ഫണ്ടിൽ വകയിരുത്തി | 1-1-03 |
| 5 | SBM ഗ്രാന്റിലെ ചെലവ് 21,29,552/- രൂപ ബാദ്ധ്യത ശീർഷകത്തിൽ ഡെബിറ്റ് ചെയ്തില്ല | 1-1-04 |
| 6 | അക്കൗണ്ട് ശീർഷകം 320100196 -( ICDS) ലെ ചെലവ് 9,600/- രൂപ ബാദ്ധ്യത ശീർഷകത്തിൽ ഡെബിറ്റ് ചെയ്തില്ല | 1-1-05 |
| 7 | അക്കൗണ്ട് ശീർഷകം 320300199 ലൈഫ് സ്റ്റേറ്റ് ഷെയർ ചെലവ് 1,60,000/- രൂപ ബാദ്ധ്യത ശീർഷകത്തിൽ ഡെബിറ്റ് ചെയ്തില്ല-സ്റ്റേറ്റ് ഷെയർ ഇനത്തിൽ ലഭ്യമായ ഫണ്ടിൽ അധികമായി 2,03,752/- രൂപ ചെലവഴിച്ചു | 1-1-06 |
| 8 | വിവിധ ബാദ്ധ്യത ശീർഷകങ്ങളിലെ നീക്കിയിരിപ്പിന്റെ ആധികാരികത വ്യക്തമല്ല | 1-1-07 |
| 9 | ലൈഫ് ലോൺ - 9,48,875/- രൂപ അധികം ചെലവഴിച്ചു - വിതരണ ബാക്കി - വാർഷികകണക്കുകളിൽ വ്യത്യാസം | 1-1-08 |
| 10 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് കണക്കിൽ അപാകത | 1-1-09 |
| 11 | ഹെൽത്ത് ഗ്രാന്റ് - ബാദ്ധ്യത ശീർഷകത്തിൽ 150000/- ചെലവും 9872 /-പലിശ വരവും ഉൾപ്പെടുത്തിയില്ല | 1-1-10 |
| 12 | അഡ്വാൻസ് രജിസ്റ്റർ, ലൈഫ് സ്റ്റേറ്റ് ഷെയർ - ലോൺ രജിസ്റ്റർ, വിവിധ വരവ് രജിസ്റ്ററുകൾ എന്നിവ കാലികമാക്കിയില്ല / നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-11 |
| 13 | വസ്തു നികുതി ശീർഷകത്തിലേക്ക് ക്ലാസിഫൈ ചെയ്യാത്ത 1,715/- രൂപ ബാലൻസ് ഷീറ്റിൽ Outdoor Collection Control ശീർഷകത്തിൽ നീക്കിയിരിപ്പായി കാണിക്കുന്നില്ല. | 1-1-12 |
| 14 | ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല | 1-1-13 |
| 15 | വിനിയോഗിച്ച ഗുണഭോക്തൃ വിഹിതം ബാദ്ധ്യതയിൽ കുറവ് ചെയ്തില്ല - നീക്കിയിരിപ്പ് കൃത്യമല്ല. | 1-1-14 |
| 16 | Receivables Of Redumption ശീർഷകത്തിൽ 1,86,547/- രൂപ | 1-1-15 |

| | | |
|---|---|---|
| | വ്യത്യാസം | |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 19 | ഫണ്ട് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 22 | ക്ഷേമ പദ്ധതികൾ | 1-7 |
| 23 | ക്യാഷ് പരിശോധന | 1-8 |
| 24 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | രസീത് മുഖേന പിരിച്ചെടുത്ത തുക സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി വരവിൽ ഉൾപ്പെടുത്തിയില്ല. | 1-11 |
| 27 | തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12 |
| 28 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-12-1 |
| 29 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-12-2 |
| 30 | വാടക ഈടാക്കാൻ അവശേഷിക്കുന്നു. | 1-13 |
| 31 | ഷോപ്പിംഗ് കോംപ്ലക്സ് -കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു | 1-14 |
| 32 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-15 |
| 33 | ഭരണഘടനാ സാക്ഷരത - 31,350/- രൂപയുടെ അധിക ചെലവ് അംഗീകരിക്കുന്നില്ല. | 1-16 |
| 34 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - 3,00,000/- രൂപയുടെ മരുന്നുകൾ ലഭിച്ചില്ല. | 1-17 |
| 35 | ഗ്രാന്റ് ഇനത്തിലെ റീഫണ്ട് 54,69,399/- രൂപ തനത് ഫണ്ടിൽ വകയിരുത്തി. | 1-18 |
| 36 | ലേലം അപാകതകൾ | 1-19 |
| 37 | ലേലത്തുക പൂർണ്ണമായും ഈടാക്കിയില്ല. | 1-19-1 |
| 38 | ലേലം നടത്തിയില്ല | 1-19-2 |
| 39 | മാർക്കറ്റ് ഗേറ്റ് ഫീസ് പിരിച്ചില്ല. | 1-19-3 |
| 40 | എക്സിസ്റ്റിംഗ് ബിൽഡിംഗിന്റെ വസ്തു നികുതി പൂർണമായും നിർണ്ണയിച്ചില്ല. | 1-20 |
| 41 | അനുമതിയില്ലാതെ യാത്രാബത്ത അനുവദിച്ചു. | 1-21 |
| 42 | കേന്ദ്രീയ വിദ്യാലയം സർവ്വേ ചാർജ് - രേഖകൾ ഹാജരാക്കിയില്ല. | 1-22 |
| 43 | തനത് വരുമാനം - അവലോകനം | 1-23 |
| 44 | ഹരിത കർമ്മസേന - അവലേകനം | 1-24 |

| | | |
|---|---|---|
| 45 | ഡെപ്പോസിറ്റ് റീഫണ്ട് ചെയ്തതിലെ അപാകത - രേഖകളില്ലാതെ ഡെപ്പോസിറ്റ് തിരികെ നൽകി. | 1-25 |
| 46 | വാടക ഡെപ്പോസിറ്റ് - കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-26 |
| 47 | ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് ഹാജരാക്കിയില്ല - 2,04,609/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 48 | ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിച്ചു. | 1-28 |
| 49 | സ്വകാര്യമാർക്കറ്റിന് ലൈസൻസ് - രേഖകൾ ഹാജരാക്കിയില്ല | 1-29 |
| 50 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-30 |
| 51 | രേഖകൾ ഹാജരാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |
| 52 | വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പദ്ധതികളിൽ വിതരണ രേഖകൾ കൃത്യമല്ല | 1-32 |
| 53 | ബയോ ബിൻ വിതരണം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അധികം പിൻവലിച്ച തുക ഗുണഭോക്തൃ വിഹിതത്തിൽ നിന്നും ക്രമീകരിക്കേണ്ടതാണ്. | 1-33 |
| 54 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-34 |
| 55 | പൂർത്തീകരണ കാലാവധി ദീർഘിച്ചതിന് പിഴ ഈടാക്കിയില്ല. | 1-35 |
| 56 | ഇൻഷുറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല. | 1-36 |
| 57 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രോജക്ട് പൂർത്തീകരിച്ചില്ല. | 1-37 |
| 58 | CGST, SGST ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചു. | 1-38 |
| 59 | പാനൽ എഞ്ചിനീയർമാർ മുഖേനയുള്ള ഇലക്ട്രിക്കൽ പ്രവൃത്തികളുടെ നിർവഹണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-39 |
| 60 | ബയോ കമ്പോസ്റ്റർ പദ്ധതി നിഷ്ക്രിയാവസ്ഥയിൽ | 1-40 |
| 61 | ഭവന പുനരുദ്ധാരണം - മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ തുടർപ്രവൃത്തികൾ പൂർത്തിയാക്കിയില്ല. | 1-41 |
| 62 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രവൃത്തികളിൽ നിന്നും വിവിധ നികുതി ഇനത്തിൽ കുറവ് ചെയ്ത 110144/-രൂപ ഒടുക്കിയില്ല | 1-42 |
| ഭാഗം **2** | | |
| 1 | ലേലത്തുക പൂർണ്ണമായും ഈടാക്കിയില്ല. | 2-1 |
| ഭാഗം **3** | | |
| 1 | CGST, SGST ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചു. | 3-1 |
| 2 | ഭരണഘടനാ സാക്ഷരത - 31,350/- രൂപയുടെ അധിക ചെലവ് അംഗീകരിക്കുന്നില്ല. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം | |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ചിതറ ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 10.07.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 12.07.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടേയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടേയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോട് കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചിതറ ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യപത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-01 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1-02 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ് . ഇൻവെസ്റ്റിങ് , ഫിനാൻസ്ങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 3,09,23,207/- രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40a-40b) = 1,56,71,885/- രൂപ

വ്യത്യാസം = 1,52,51,322/- രൂപ

### 1-1-03 ഗ്രാന്റ് ഇനത്തിലെ റീഫണ്ട് 54,69,399/-രൂപ തനത് ഫണ്ടിൽ വകയിരുത്തി

വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ പ്രവൃത്തി പൂർത്തീകരണത്തെ തുടർന്ന് 2022-23 ൽ തിരികെ വന്ന 54,69,399/- രൂപ 25/07/2022 ലെ സ.ഉ(സാധാ)നം.1785/2022/LSGD ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് മാത്രമായി വിനിയോഗിക്കുന്നതിനായി ബാദ്ധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. ബാദ്ധ്യത ശീർഷകത്തിൽ വരവ് സ്വീകരിക്കാത്തതിനാൽ 54,69,399/- രൂപ തനത് ഫണ്ടിലേക്ക് വകമാറ്റപ്പെട്ടു. (വിശദാംശം ഖണ്ഡിക 1-18-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

### 1-1-04 SBM ഗ്രാന്റിലെ ചെലവ് 21,29,552/- രൂപ ബാദ്ധ്യത ശീർഷകത്തിൽ ഡെബിറ്റ് ചെയ്തില്ല

| പ്രോജക്ട് നം | ചെക്ക് നം. | തീയതി | തുക (രൂപ) |
|---|---|---|---|
| 92/2022-23<br>തുറ്റിക്കൽ യു.പി. എസ് -ൽ ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണം | 6535840 | 23/06/2022 | 69,550 |
| 91/2022-23<br>ഇടപ്പണ എൽ.പി. എസ് -ൽ ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണം | 5234288 | 22/08/2022 | 1,95,877 |
| 90/2022-23<br>കിഴക്കും ഭാഗം മാർക്കറ്റിൽ തുമ്പൂർമുഴി ബയോകമ്പോസ്റ്റ് നിർമ്മാണം | 7691197 | 28-03-2023 | 1,89,430 |
| 93/2022-23<br>കിഴക്കും ഭാഗം മാർക്കറ്റിൽ ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണം | 7691197 | 28-03-2023 | 2,03,308 |
| 85/2022-23<br>എം സി എഫ് നിർമ്മാണം | 7691197 | 28-03-2023 | 9,17,387 |
| 30/2022-23<br>ഗാർഹിക ടോയ്‌ലെറ്റ് നിർമ്മാണം | 8700550 | 16-11-2022 | 2,76,000 |
| | 056881 | 31-01-2023 | 60,000 |
| | 7691195 | 28-03-2023 | 60,000 |
| | 60735 | 31-03-2023 | 24,000 |
| 173/2022-23<br>ഗാർഹിക ടോയ്‌ലെറ്റ് നിർമ്മാണം | 7691190 | 23-03-2023 | 42,000 |
| | 7691195 | 28-03-2023 | 12,000 |
| 32/2022-23<br>ഗാർഹിക ടോയ്‌ലെറ്റ് നിർമ്മാണം | 8700550 | 16-11-2022 | 40,000 |
| | 056881 | 31-01-2023 | 30,000 |
| | 7691190 | 23-03-2023 | 10,000 |
| | | | 21,29,552 |

മേൽ പ്രകാരമുള്ള 21,29,552/- രൂപയുടെ ചെലവ് എസ്.ബി.എം /ടി.എസ്.സി എന്നിവയുടെ ബാദ്ധ്യത ശീർഷകങ്ങളിൽ നിന്നും കുറവ് ചെയ്തില്ല.

### 1-1-05 അക്കൗണ്ട് ശീർഷകം 320100196 -( ICDS) ലെ ചെലവ് 9,600/- രൂപ ബാദ്ധ്യത ശീർഷകത്തിൽ ഡെബിറ്റ് ചെയ്തില്ല

വാർഷിക കണക്ക് പ്രകാരം 320100196 ശീർഷകത്തിൽ രേഖപ്പെടുത്തിയ ചെലവ് = 19,88,088/- രൂപ

Web Sankhya ACR പ്രകാരമുള്ള ചെലവ് = 20,84,088/- രൂപ

വ്യത്യാസം = 96,000/- രൂപ

പ്രോജക്ട് നം. 190/2022-23 അംഗൻവാടി നെയിം ബോർഡ് ഇൻസ്റ്റലേഷൻ പദ്ധതിക്കായി 96,000/- രൂപ അനുവദിക്കാൻ Sanction Order No 533/31-03-2023 പ്രകാരം റിക്വസിഷൻ നൽകിയിട്ടുണ്ട് എന്നാൽ ചെക്ക് നം 060739 തീ 31-03-2023 പ്രകാരം 9,600/- രൂപയാണ് പിൻവലിച്ചത്

1-1-06 അക്കൗണ്ട് ശീർഷകം 320300199 ലൈഫ് സ്റ്റേറ്റ് ഷെയർ ചെലവ് 1,60,000/- രൂപ ബാദ്ധ്യത ശീർഷകത്തിൽ ഡെബിറ്റ് ചെയ്തില്ല-സ്റ്റേറ്റ് ഷെയർ ഇനത്തിൽ ലഭ്യമായ ഫണ്ടിൽ അധികമായി 2,03,752/- രൂപ ചെലവഴിച്ചു

| വാർഷിക കണക്ക് പ്രകാരം ബാദ്ധ്യത ശീർഷകത്തിൽ ഡെബിറ്റ് ചെയ്ത തുക | യഥാർത്ഥ ചെലവ് | |
|---|---|---|
| | പ്രോജക്ട് നം | തുക (രൂപ) |
| | 43/22-23ലൈഫ് ഭവന നിർമ്മാണം വാർഡ് 1-12 വരെ സ്പിൽ ഓവർ | 8,00,000 |
| | 42/22-23ലൈഫ് ഭവന നിർമ്മാണം വാർഡ് 1-12 വരെ സ്പിൽ ഓവർ | 10,00,000 |
| | 44/22-23ലൈഫ് ഫേസ് 3 വാർഡ് 1-12 വരെ സ്പിൽ ഓവർ | 13,00,000 |
| | 45/22-23ലൈഫ് ഫേസ് 3 വാർഡ് 1-12 വരെ എസ് സി സ്പിൽ ഓവർ | 4,20,000 |
| | 26/22-232ലൈഫ് ഭൂമി വാങ്ങലും ഭവന നിർമ്മാണം വാർഡ് 13-23 വരെ എസ് സി | 3,00,000 |
| | 27/21-22ലൈഫ് ഭവന നിർമ്മാണം എസ്.റ്റി | 1,80,000 |
| | 43/22-23ലൈഫ് ഭവന നിർമ്മാണം വാർഡ് 1-12 വരെ സ്പിൽ ഓവർ<br>എന്ന പദ്ധതിയിൽ Web Sankhya ACR,സുലേഖ ചെലവ് പത്രിക എന്നിവയിൽ ഉൾപ്പെടാതെ 20-06-2022 ലെ ചെക്ക് നം 132607 പ്രകാരം (സാങ്ഷൻ ഓർഡർനം 76/13-06-2022) പ്രകാരം ചെലവഴിച്ച തുക | 1,60,000 |
| 40,00,000/- രൂപ | ആകെ | 41,60,000 |

വ്യത്യാസം വന്ന 1,60,000/- രൂപയുടെ ചെലവ് 320300199 ലൈഫ് സ്റ്റേറ്റ് ഷെയർ ബാദ്ധ്യത ശീർഷകത്തിൽ ഡെബിറ്റ് ചെയ്തില്ല.
സ്റ്റേറ്റ് ഷെയർ ഇനത്തിൽ ലഭ്യമായ ഫണ്ടിൽ അധികമായി 2,03,752/- രൂപചെലവഴിച്ചിട്ടുണ്ട്. വിശദാംശം ഖ. 1-1-07 ക്രമ നം. 6 ൽ പ്രതിപാദിച്ചിട്ടുണ്ട്

1-1-07 വിവിധ ബാദ്ധ്യത ശീർഷകങ്ങളിലെ നീക്കിയിരിപ്പിന്റെ ആധികാരികത വ്യക്തമല്ല

B-4, B-9 ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകയുടെ വിശദാംശം ലഭ്യമല്ല

| ക്രമ നം | അക്കൗണ്ട് ശീർഷകം | B-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുക (രൂപ) | അപാകത |
|---|---|---|---|
| 1 | 320100181 | 35,67,492/- | TSC/SBM എന്നീ ഇനങ്ങളിലെ 2021-22 ലെ ചെലവ് |

| | | | |
|---|---|---|---|
| | | | വ്യത്യാസം (2021-22 ഓഡിറ്റ് റിപ്പോർട്ട് ഖ 1-32 ക്രമ നം. 2) 2022-23 ൽ ക്രമീകരിച്ചില്ല.<br>2022-23 ലെ ചെലവ് തുക 21,29,552/- രൂപ ബാദ്ധ്യതയിൽ കുറവ് ചെയ്തില്ല. ആയതിനാൽ 35,67,492/- രൂപ നീക്കിയിരിപ്പിന്റെ ആധികാരികത കൃത്യമല്ല. |
| 2 | 320100196 | 30,72,610/- | ICDS ഇനങ്ങളിലെ 2021-22 ലെ ചെലവ് വ്യത്യാസം (2021-22 ഓഡിറ്റ് റിപ്പോർട്ട് ഖ 1-32 ക്രമ നം. 3) 2022-23 ൽ ക്രമീകരിച്ചില്ല.<br>2022-23 ലെ ചെലവ് 9,600/- രൂപ ബാദ്ധ്യതയിൽ കുറവ് ചെയ്തില്ല. ആയതിനാൽ 30,72,610/- രൂപ നീക്കിയിരിപ്പിന്റെ ആധികാരികത കൃത്യമല്ല. |
| 3 | 320100199 | 3,14,633/- | നീക്കിയിരിപ്പിന്റെ ആധികാരികത വ്യക്തമല്ല. |
| 4 | 320200214 | 13,88,052/- | എസ്.ടി. കോർപ്പസ് ഫണ്ട് വരവ് ചെലവ് സംബന്ധിച്ച അപ്രോപ്രിയേഷൻ കണ്ട്രോൾ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയിതിനാൽ നീക്കിയിരിപ്പിന്റെ ആധികാരികത വ്യകതമല്ല |
| 5 | 320200299 | 1,56,600/- | നീക്കിയിരിപ്പിന്റെ ആധികാരികത വ്യക്തമല്ല. |
| 6 | 320300199 | 56,248/- | ലൈഫ് സ്റ്റേറ്റ് ഷെയർ ഇനങ്ങളിലെ 2021-22 ലെ ചെലവ് വ്യത്യാസം (2021-22 ഓഡിറ്റ് റിപ്പോർട്ട് ഖ. 1-32 ക്രമ നം. 1) 2022-23 ൽ ക്രമീകരിച്ചില്ല.<br>2022-23 ലെ ചെലവ് 1,60,000/-രൂപ ബാദ്ധ്യതയിൽ കുറവ് ചെയ്തില്ല. ആയതിനാൽ 56,248/- രൂപ നീക്കിയിരിപ്പിന്റെ ആധികാരികത കൃത്യമല്ല. 2021-22 ലെ 1,00,000/- രൂപയും 2022-23 ലെ 1,60,000/-രൂപയും ചെലവിൽ ഉൾപ്പെടുത്തിയാൽ 2,03,752/- രൂപ (56248-260000) സ്റ്റേറ്റ് ഷെയർ ഇനത്തിൽ അധികമായി ചെലവഴിച്ചിട്ടുണ്ട്. |
| 7 | 320700204 | 5,84,917/- | നീക്കിയിരിപ്പിന്റെ ആധികാരികത വ്യക്തമല്ല.<br>ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പ് ഇല്ല. |
| 8 | 320700205 | 1,94,250/- | നീക്കിയിരിപ്പിന്റെ ആധികാരികത വ്യക്തമല്ല.<br>ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പ് ഇല്ല. |
| 9 | 350800101 | 2,23,918/- | വിശദാംശം ലഭ്യമാക്കിയില്ല. |

## 1-1-08 ലൈഫ് ലോൺ - 9,48,875/- രൂപ അധികം ചെലവഴിച്ചു - വിതരണ ബാക്കി - വാർഷികകണക്കുകളിൽ വ്യത്യാസം

ലഭ്യമായ തുകയിലും അധികമായി ലൈഫ് ലോൺ ഇനത്തിൽ ചെലവഴിച്ചതിന്റെ വിവരവും വാർഷികകണക്കിലെ അപാകതയും ചുവടെ ചേർക്കുന്നു.

| എ) ലോൺരജിസ്റ്റർ /2021-22 ഓഡിറ്റ് റിപ്പോർട്ട് എന്നിവ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|
| 2021-22 ൽ വിതരണം ചെയ്യാൻ അവശേഷിക്കുന്ന തുക (2021-22 ഓഡിറ്റ് റിപ്പോർട്ട് ഖ. 4-5 പ്രകാരം = (-) 8,68,875/- രൂപ<br>ലോൺ വരവ് = 1,80,60,000/- രൂപ<br>വിതരണം ചെയ്ത തുക = 1,81,40,000/- രൂപ<br>വിതരണ ബാക്കി = (-)9,48,875/- രൂപ | Secured Loan = 9,70,35,745/- രൂപ<br>Prepaid Programme Expense = 9,50,35,786/- രൂപ<br>വിതരണ ബാക്കി = 19,99,959/- രൂപ |

ലൈഫ് ലോൺ നീക്കിയിരിപ്പിൽ അധികമായി 9,48,875/- രൂപ ചെലവഴിച്ചു. ലൈഫ് ലോൺ നീക്കിയിരിപ്പ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-1-09 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവ് കണക്കിൽ അപാകത

എ) CFC – Egram ചെലവ് തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | വെബ് സാംഖ്യ എ സി ആർ പ്രകാരമുള്ള ചെലവ് (രൂപ) | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് (രൂപ) | ബാങ്ക് ബുക്ക് പ്രകാരമുള്ള ചെലവ് (രൂപ) | B-4 ഷെഡ്യൂൾ ബാദ്ധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയ ചെലവ് + KCWWF, GST-TDS ഇനത്തിൽ ഒടുക്കാത്ത തുക (രൂപ) |
|---|---|---|---|---|
| ബേസിക് ഗ്രാന്റ് | 29,42,311 | 29,42,311 | 28,47,127 | 30,02,124 |
| ടൈഡ് ഗ്രാന്റ് | 67,79,672 | 59,43,274 | 67,54,541 | 57,35,559 |
| ആകെ | 97,21,983 | 88,85,585 | 96,01,668 | 87,37,683 |
| KCWWF,GST-TDSഇനത്തിൽ ഒടുക്കാത്ത തുക | 0 | 0 | 1,20,315 | 1,20,315 |
| ആകെ | 97,21,983 | 88,85,585 | 97,21,983 | 88,57,998 |

ബി) ധനകാര്യകമ്മീഷൻ ഗ്രാന്റ് കളുടെ ചെലവ് I-6 ഷെഡ്യൂളിൽ വരവായി ഉൾപ്പെടുത്തിയതിൽ 9,84,300/- രൂപയുടെ വ്യത്യാസം

| അക്കൗണ്ട് ശീർഷകം | I-6 / & Capital Contribution ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുക (രൂപ) | ഗ്രാന്റ് ഇനം | ACR, ചെലവ് (രൂപ) | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് (രൂപ) | വ്യത്യാസം |
|---|---|---|---|---|---|
| 160100104 | 1,19,626 | ബേസിക് ഗ്രാന്റ് | 30,02,124 | 30,02,124 | |
| 160100109 | 2,48,673 | ടൈഡ് ഗ്രാന്റ് | 70,28,345 | 61,91,947 | |
| 160100111 | 57,35,559 | | | | |
| Capital Contribution 312109901 | 29,42,311 | സുലേഖയിൽ ഉൾപ്പെടാത്ത ചെലവ് (പ്രോജക്ട് നം 54/2022-23ം | 0 | 8,36,398 | |
| ആകെ | 90,46,169 | | 1,00,30,469 | 1,00,30,469 | 9,84,300 |

1-1-10 ഹെൽത്ത് ഗ്രാന്റ് - ബാദ്ധ്യത ശീർഷകത്തിൽ 150000/- ചെലവും 9872 /-പലിശ വരവും ഉൾപ്പെടുത്തിയില്ല

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ പ്രോജക്ട് നം. 208/2022-23 ലെ ചെലവ് 1,50,000/- രൂപയും രണ്ട് ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടുകളിലെ (Indian Bank A/c No. 7188884052, 7188882033) പലിശ വരവായ 9,872/- രൂപയും ഹെൽത്ത് ഗ്രാന്റ് ബാദ്ധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. 2022-23 ൽ ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട് ശീർഷകങ്ങളായ 3200100202, 3200100204 എന്നിവയിൽ വരവ്-ചെലവ് രേഖപ്പെടുത്തിയില്ല. National Health Mission. അക്കൗണ്ട് ശീർഷകമായ 320100139 ലാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

1-1-11 അഡ്വാൻസ് രജിസ്റ്റർ, ലൈഫ് സ്റ്റേറ്റ് ഷെയർ - ലോൺ രജിസ്റ്റർ, വിവിധ വരവ് രജിസ്റ്ററുകൾ എന്നിവ കാലികമാക്കിയില്ല / നീക്കിയിരിപ്പിൽ വ്യത്യാസം

എ) അഡ്വാൻസ് രജിസ്റ്റർ

| ഇനം | പേജ് നം | രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് (രൂപ) | വാർഷികകണക്ക് B-18 ഷെഡ്യൂൾ പ്രകാരം (രൂപ) |
|---|---|---|---|
| കെ.എസ്.ഇ ബി | 88 | 53,688/- | 16,04,574/- |
| കെ.ഡബ്ല്യൂ.എ | 86 | 2,16,81,059/- | 1,62,11,660/- |
| | | | |

ബി) ലൈഫ് സ്റ്റേറ്റ് ഷെയർ - ലോൺ രജിസ്റ്റർ

2021-22 ഓഡിറ്റ് റിപ്പോർട്ടിലെ അപാകത പരിഹരിച്ചില്ല, 2022-23 വരവ് -ചെലവ് കൃത്യമായി രേഖപ്പെടുത്തിയില്ല.

സി) നികുതി /നികുതിയേതര വരവ് രജിസ്റ്റർ

തൊഴിൽ നികുതി, ലൈസൻസ്, ലേലം രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തിയില്ല.

1-1-12 വസ്തു നികുതി ശീർഷകത്തിലേക്ക് ക്ലാസിഫൈ ചെയ്യാത്ത 1,715/- രൂപ ബാലൻസ് ഷീറ്റിൽ Outdoor Collection Control ശീർഷകത്തിൽ നീക്കിയിരിപ്പായി കാണിക്കുന്നില്ല.

ഔട്ട് ഡോർ കളക്ഷൻ ഇനത്തിൽ മാന്വൽ രസീത് പ്രകാരം പിരിച്ചതും ILGMS രസീത് നം 1220102720/28.10.22, മുഖേന ഫ്രണ്ട് ഓഫീസിൽ ഒടുക്ക് വരുത്തിയതുമായ 1,715/- രൂപ വരവ് ശീർഷകത്തിൽ വകകൊള്ളിക്കാത്തതിനാൽ Collection Control Account Ledger ൽ (ഹെഡ് 431910201) ബാലൻസ് കാണിക്കുന്നു. എന്നാൽ ആയത് ബാലൻസ് ഷീറ്റിൽ നീക്കിയിരുപ്പായി കാണിക്കുന്നില്ല.

1-1-13 ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല

വിവിധ ഫണ്ടുകളിൽ നിന്നും പേയ്മെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ തൻവർഷം പേയ്മെന്റ് ആകാത്തതുമായ ബില്ലുകൾ അതാത് ഫണ്ടുകളുടെ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം | തീയതി | പ്രോജക്ട് നം. | തുക (രൂപ) |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | | | |
| 531 | 31-03-2023 | 128 | 86,850 |
| 527 | 31-03-2023 | 152 | 4,80,000 |
| 528 | 31-03-2023 | 152 | 4,80,000 |
| 529 | 31-03-2023 | 152 | 30,000 |
| 530 | 31-03-2023 | 98 | 23,000 |
| ആകെ | | | 10,99,850 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | | | |

| | | | |
|---|---|---|---|
| 533 | 31-03-2023 | 190 | 42,000 |

1-1-14 വിനിയോഗിച്ച ഗുണഭോക്തൃ വിഹിതം ബാദ്ധ്യതയിൽ കുറവ് ചെയ്തില്ല - നീക്കിയിരിപ്പ് കൃത്യമല്ല.

ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ശീർഷകത്തിൽ (320800101) 2022-23ൽ 9,96,388/- രൂപയാണ് നീക്കിയിരിപ്പ് കാണിക്കുന്നത്. തൻ വർഷം കൃഷി ഓഫീസർ, വി.ഇ.ഓ എന്നിവർ നിർവഹണം നടത്തിയ 15 പ്രോജക്ടുകളിലായി ആകെ 8,25,760/- രൂപ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജേണൽ വൗച്ചർ നം 42201353 തീ 31-03-2023 പ്രകാരം ആകെ 7,96,105/- രൂപ ചെലവ് ആണ് പ്രസ്തുത ബാദ്ധ്യത ശീർഷകത്തിൽ ഡെബിറ്റ് ചെയ്തിരിക്കുന്നത് 29,655/- രൂപയുടെ വ്യത്യാസം ഉണ്ട്. 2021-22 ലെ ഓഡിറ്റ് റിപ്പോർട്ട് ഖ. 1-32 (4) പ്രകാരം 2,16,600/- രൂപയുടെ വ്യത്യാസം ഉണ്ട്. ജേണൽ വൗച്ചർ നം. 42201353 തീ 31-03-2023 പ്രകാരം ആകെ 7,96,105/- രൂപ ചെലവ് രേഖപ്പെടുത്തിയതിൽ ഏതെല്ലാം ചെലവാണ് ഉൾപ്പെടുത്തിയത് എന്ന് വ്യകതമല്ല. ആയതിനാൽ ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പ് കൃത്യമല്ല.

1-1-15 Receivables Of Redumption ശീർഷകത്തിൽ 1,86,547/- രൂപ വ്യത്യാസം

2022-23 ൽ STSB A/C No 79901300000663 ൽ നിന്നും 31/03/2023 ൽ 2,97,40,528/- രൂപ ട്രഷറി റിഡംപ്ഷൻ നടത്തി. എന്നാൽ Receivables Of Redumption ശീർഷകത്തിൽ 2,99,27,075/- രൂപ നീക്കിയിരുപ്പ് ഉള്ളതായി കാണുന്നു. 1,86,547/- രൂപ വ്യത്യാസം. ഇത് എത് തുകയാണ് എന്ന് വ്യക്തമല്ല.

1-2 ബജറ്റ്

08/03/22 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 21/03/2023 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹3,14,91,326/- |
| വരവ് | ₹10,70,00,184/- |
| ആകെ | ₹13,84,91,510/- |
| ചെലവ് | ₹9,13,28,299/- |
| നീക്കിയിരിപ്പ് | ₹4,71,63,211/- |
| വരവിനങ്ങളിലുള്ള നഷ്ടം | ₹7,08,986/- |
| ചെലവിനങ്ങളിലുള്ള നഷ്ടം /നിരാകരിക്കുന്ന തുക | ₹76,920/- |
| തടസ്സപ്പെടുത്തിയ തുക | ₹81,07,580/- |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് - ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരുപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക | 0 | 38179000/- (-)381790 | 37797210/- | 36678729/- | 1118481/- |

| | | | | | |
|---|---|---|---|---|---|
| ഉൾപ്പടെ | | 37797210 | | | |
| വികസന ഫണ്ട്-എസ്.സി.പി സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പടെ | 0 | 17709000/- | 17709000/- | 16090264/- | 1618736/- |
| വികസന ഫണ്ട്-ടി.എസ്.പി സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പടെ | 0 | 1194000/- | 1194000/- | 1144878/- | 49122/- |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 15374000 | 15374000/- | 13975690/- | 1398310/- |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 10274000/- | 10274000/- | 9583227/- | 690773/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Bank) എ.സി.ആർ പ്രകാരം | 3585800/- | 10120000/- | 13705800/- | 6779672/- | 6926128/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) എ.സി.ആർ പ്രകാരം | 3140170/- | (6747000 + 415704(int) 7162704/- | 10302874/- | 2942311/- | 7360563/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury എ.സി.ആർ പ്രകാരം | 0 | 2257139/- | 2257139/- | 248673/- | 2008466/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) എ.സി.ആർ പ്രകാരം | 0 | 891054/- | 891054/- | 59813/- | 831241/- |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ലൈഫ് ഭവന നിർമ്മാണം അക്കൗണ്ട് ശീർഷകം 320300199പ്രകാരം | 4056248 | 0 | 4056248 | 4000000 | 56248 |
| ശുചിത്വ മിഷൻ (മഴക്കാല പൂർവ ശുചീകരണം ) അക്കൗണ്ട് ശീർഷകം 320100198 പ്രകാരം | 0/- | 230000/- | 230000/- | 230000/- | 0 |
| സാക്ഷരത അക്കൗണ്ട് ശീർഷകം 320100197 പ്രകാരം | 5583 | 112 | 5695 | 0 | 5695 |
| എസ് .റ്റി കോർപ്പസ് ഫണ്ട് അക്കൗണ്ട് ശീർഷകം 320200214 പ്രകാരം | 695552 | 692500 | 1388052 | 0 | 1388052 |
| കുടുംബശ്രീ അക്കൗണ്ട് ശീർഷകം | 156600 | 0 | 156600 | 0 | 156600 |

| | | | | | |
|---|---|---|---|---|---|
| 320200299 പ്രകാരം | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ICDS<br>അക്കൗണ്ട് ശീർഷകം 320100196 പ്രകാരം | 1952098 | 3108600 | 5060698 | 1988088 | 3072610 |
| ഹെൽത്ത് ഗ്രാന്റ് -ടയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 384573 | 384573 | 0 | 384573 |
| ഹെൽത്ത് ഗ്രാന്റ് -സബ് സെന്റർ | 0 | 238176 | 238176 | 150000 | 88176 |
| ബയോഡൈവേഴ്സിറ്റി<br>അക്കൗണ്ട് ശീർഷകം 320100152പ്രകാരം | 0 | 400000 | 400000 | 0 | 400000 |
| TSC/ SBM<br>അക്കൗണ്ട് ശീർഷകം 320100181 പ്രകാരം | 3567492 | 0 | 3567492 | 0 | 3567492 |
| ജനകീയ പാർപ്പിട പദ്ധതി<br>അക്കൗണ്ട് ശീർഷകം 320200307പ്രകാരം | 266975 | 5366 | 272341 | 0 | 272341 |
| പെൻഷൻ<br>അക്കൗണ്ട് ശീർഷകം 320200307പ്രകാരം | 19800 | 398 | 20198 | 0 | 20198 |
| യൂറോ<br>അക്കൗണ്ട് ശീർഷകം 320200307പ്രകാരം | 13740 | 276 | 14016 | 0 | 14016 |
| റ്റി.സി അക്കൗണ്ട്<br>അക്കൗണ്ട് ശീർഷകം 320200307പ്രകാരം | 219378 | 4577 | 223955 | 0 | 223955 |
| പ്ളാൻ<br>അക്കൗണ്ട് ശീർഷകം 320200307പ്രകാരം | 10434 | 209 | 10643 | 0 | 10643 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ഇ ഗ്രാം, ഐ.സി.ഡി.എസ്. ടി.എസ് സി/എസ്.ബി.എം, ഹെൽത്ത് ഗ്രാന്റ്, ലൈഫ് സ്റ്റേറ്റ് ഷെയർ എന്നിവയുടെ ചെലവുകൾ അക്കൗണ്ട് ചെയ്യുന്നതിലെ അപാകത ഖ 1-1 ൽ പ്രതിപാദിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ അപാകത വാർഷിക കണക്ക് ബാദ്ധ്യത ശീർഷകങ്ങളിലും രജിസ്റ്ററുകളിലും പരിഹരിച്ചിട്ടില്ലാത്തതിനാൽ ഐ.സി.ഡി.എസ്. ടി.എസ്.സി/എസ്.ബി.എം, ലൈഫ് സ്റ്റേറ്റ് ഷെയർ എന്നിവയുടെ ലേഡ്ജർ പ്രകാരമുള്ള കണക്കുകളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ ₹ | നടപ്പിലാക്കിയത് | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ എണ്ണം |
|---|---|---|---|---|---|---|
| 217 | 28,16,30,835 | 167 | 12,26,62,465 | 55 | 50 | 47% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് Mnregs അക്കൗണ്ട് റീഇംബേഴ്‌സ്മെന്റ് എം.ജി.എൻ. ആർ.ഇ.ജി.എസ് | 2,163 | 16,04,201 | 16,06,364 | 4,70,000 | 11,36,364 |
| തൊഴിലാളികളുടെ കൂലി | 0 | 8,69,29,000 | 8,69,29,000 | 8,69,29,000 | 0 |
| സ്കിൽഡ് / സെമിസ്കിൽഡ് | 0 | 45,24,000 | 45,24,000 | 45,24,000 | 0 |
| മെറ്റീരിയൽ | 0 | 2,32,58,000 | 2,32,58,000 | 2,32,58,000 | 0 |
| ആകെ | 2,163 | 11,63,15,201 | 11,63,17,364 | 11,51,81,000 | 11,36,364 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| തൊഴിൽരഹിത വേതനം | 720 |
| കർഷകതൊഴിലാളി പെൻഷൻ | 4452500 |
| വിധവാപെൻഷൻ | 34322600 |
| വാർദ്ധക്യകാലപെൻഷൻ | 114478800 |
| വികലാംഗപെൻഷൻ | 9398000 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 420000 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 360000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-12-2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,467/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്.

വസ്തുനികുതി, തൊഴിൽ നികുതി, ലേലം, വാടക എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. അവ പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്ത്നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് നടപടിയില്ല.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവഹിക്കുന്നതിനും കഴിയുന്ന തരത്തിൽ അഭ്യന്തരനിയന്ത്രണ സംവിധാനം പ്രവർത്തിക്കുന്നില്ല.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/1/23 | 10/22 മുതൽ 12/22 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4/2/18 | 13-14 മുതൽ 17-18വരെ | 29/6/18 |

### 1-11 രസീത് മുഖേന പിരിച്ചെടുത്ത തുക സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി വരവിൽ ഉൾപ്പെടുത്തിയില്ല.

പഞ്ചായത്തിൽ നിന്നും ഇഷ്യൂ ചെയ്ത 8465-ാം നമ്പർ രസീത് ബുക്കിലെ 1, 2, 3 രസീതുകൾ പ്രകാരം പിരിച്ചെടുത്ത വസ്തു നികുതി തുക (2022-23ൽ) 1220102720/28.10.22 നമ്പർ രസീത് പ്രകാരം ഫ്രണ്ട് ഓഫീസിൽ ഒടുക്കുവരുത്തിയെങ്കിലും വസ്തു നികുതി വിവരങ്ങൾ ഉൾപ്പെടുത്തിയ സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്തിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര് /കെട്ടിടനമ്പർ | രസീത് നം/തീയതി | തുക ₹ |
|---|---|---|---|
| 1 | ശ്രീ. രഘുനാഥൻ പിള്ള XIX/504 (2022-23) | 1/28.10.22 | 570/- |
| 2 | ശ്രീ. രഘുനാഥൻ പിള്ള XIX/505 (2022-23) | 2/28.10.22 | 460/- |
| 3 | ശ്രീ. ലബൂദാബീവി XXII/670 (2022-23) | 3/28.10.22 | 685/- |
| ആകെ | | | 1715/- |

മേൽ തുകകൾ സഞ്ചയയിൽ പോസ്റ്റ് ചെയ്യാത്തത് കാരണം കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നിലനിൽക്കുന്നു. ക്രമ നമ്പർ 1, 2 എന്നിവയിൽ ഉൾപ്പെട്ട ശ്രീ. രഘുനാഥൻ പിള്ള XIX/504, XIX/505 05.10.2023 ൽ 1230102193, 1230102197 എന്നീ രസീതുകൾ പ്രകാരം 2022-23 ലെ വസ്തു നികുതി വീണ്ടും ഒടുക്കുവരുത്തിയിട്ടുണ്ട്. ക്രമ നമ്പർ 3 ലെ കെട്ടിട ഉടമ ഒടുക്കിയ തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്യാത്തതിനാൽ 2022-23 ലെ ഡിമാന്റ് നിലനിൽക്കുന്നു. കൂടാതെ കളക്ഷൻ കൺട്രോൾ അക്കൗണ്ട് ലെഡ്ജറിൽ (ഹെഡ് 431910201) 1715/- രൂപ ബാലൻസ് കാണിക്കുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കേണ്ടതും ക്രമ നമ്പർ 1, 2 അടവാക്കിയ തുക മുൻകൂർ തുകയായി ക്രമീകരിക്കേണ്ടതും ക്രമ നമ്പർ 3 ലെ തുക 2022-23 ലെ നികുതിയായി സഞ്ചയയിൽ പോസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 4/07.12.2023

### 1-12 തൊഴിൽ നികുതി ഈടാക്കിയില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല.

### 1-12-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|

| | | |
|---|---|---|
| 1 | സർവീസ് സഹകരണ ബാങ്ക് ചിതറ | II |
| 2 | സർവീസ് സഹകരണ ബാങ്ക് മടത്തറ | II |
| 3 | സർവീസ് സഹകരണ ബാങ്ക് മതിര | II |
| 4 | കെ എസ് എഫ് ഇ ,ചിതറ | I |
| 5 | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ, ചിതറ | I & II |
| 6 | ബി.എസ്.എൻ.എൽ. ചിതറ | I & II |
| 7 | കേരള വാട്ടർ അതോറിറ്റി, മടത്തറ | II |
| 8 | കെ എസ് ബി സി, മടത്തറ | I & II |
| 9 | കേരള ബാങ്ക് ,ചിതറ | I & II |
| 10 | ഇന്ത്യൻ ബാങ്ക് ചിതറ | I & II |
| 11 | ചിതറ റൂറൽ സഹകരണ ബാങ്ക് | II |
| 12 | സപ്ലൈകോ ചിതറ | II |
| 13 | ത്രിവേണി സൂപ്പർമാർക്കറ്റ് ഐരക്കുഴി | I & II |
| 14 | എ പി ആർ എം സ്കൂൾ ചിതറ | I & II |
| 15 | ആപ്പിൾ കിഡ്സ് സ്കൂൾ (എ പി ആർ എം) | I & II |
| 16 | എ കെ എം പബ്ലിക് സ്കൂൾ വളവുപച്ച | I & II |
| 17 | ജാമിയ ബി. എഡ് സ്കൂൾ | I & II |
| 18 | കെ പി ഗ്രാനൈറ്റ് | I & II |
| 19 | സത്യം ഗ്രാനൈറ്റ് | I & II |
| 20 | അനന്തപുരി ബ്ലൂ മെറ്റൽസ് | I & II |
| 21 | അക്ഷയ ഗ്രാനൈറ്റ് | I & II |
| 22 | അൽ ഫാത്തിമ ക്രഷർ | I & II |
| 23 | അൽ സഫ ഡെന്റൽ ക്ലിനിക് കിഴക്കുംഭാഗം | I |
| 24 | ഡെന്റൽ ക്ലിനിക് മടത്തറ | I & II |
| 25 | കണ്ണൻ സ്മൈൽ കെയർ ഡെന്റൽ ക്ലിനിക് | I & II |
| 26 | നീതി മെഡിക്കൽസ് ചിതറ | I & II |
| 27 | നീതി മെഡിക്കൽ മടത്തറ | I & II |
| 28 | എ പി ആർ എം ടി ടി സി | I & II |
| 29 | കൃഷ്ണ ഡെന്റൽ ക്ലിനിക് | I & II |
| 30 | ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് | I & II |
| 31 | ഇൻസ്റ്റാൾ കാർട്ട് സർവീസ് പ്രൈവറ്റ് ലിമിറ്റഡ് | II |
| 32 | എവർഗ്രീഡ് കണ്ണൻ കോഡ് | I & II |
| 33 | ശ്രീകൃഷ്ണ ഡെന്റൽ ക്ലിനിക് | II |
| 34 | എൻ എൻ ഹോസ്പിറ്റൽ | II |
| 35 | മാവേലി സ്റ്റോർ മടത്തറ | II |
| 36 | ജവഹർ എൽപിഎസ് കുരാക്കോട് | II |
| 37 | അജിത്ത് ഹോമിയോ ക്ലിനിക് | II |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത്

ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 17/11.12.2023

1-12-2 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കൊല്ലയിൽ പോസ്റ്റ് ഓഫീസ് | I & II |
| 2 | കെ.എസ്.എഫ്.ഇ, ചിതറ | II |
| 3 | ബി.എസ്.എൻ.എൽ, ചിതറ | I & II |
| 4 | ഗവൺമെന്റ് വെറ്റിനറി ഹോസ്പിറ്റൽ | I & II |
| 5 | പോലീസ് സ്റ്റേഷൻ, ചിതറ | I & II |
| 6 | കുടുംബശ്രീ ഓഫീസ്, ചിതറ | II |
| 7 | കെ.എസ്.ബി.സി, മടത്തറ | II |
| 8 | കേരള ബാങ്ക്, ചിതറ | I & II |
| 9 | ഇന്ത്യൻ ബാങ്ക്, ചിതറ | I & II |
| 10 | സപ്ലൈകോ, ചിതറ | II |
| 11 | ത്രിവേണി സൂപ്പർമാർക്കറ്റ്, ഐരക്കുഴി | I & II |
| 12 | എ.പി.ആർ.എം സ്കൂൾ, ചിതറ | I & II |
| 13 | ആപ്പിൾ കിഡ്സ് സ്കൂൾ, എ.പി.ആർ.എം | I & II |
| 14 | എ.കെ.എം പബ്ലിക് സ്കൂൾ, വളവുപച്ച | II |
| 15 | ജി.യു.പി.എസ്, തൊട്ടിക്കൽ | II |
| 16 | ഐ.സി.ഡി.എസ്, സൂപ്പർവൈസർ | I & II |
| 17 | പോപ്സ് എന്റർപ്രൈസസ് | I & II |
| 18 | കെ.പി ഗ്രാനൈറ്റ് | I & II |
| 19 | സത്യം ഗ്രാനൈറ്റ് | I & II |
| 20 | അനന്തപുരി ബ്ലൂ മെറ്റൽസ് | I & II |
| 21 | അക്ഷയ ഗ്രാനൈറ്റ് | I & II |
| 22 | എൻ.എൻ ഹോസ്പിറ്റൽ | II |
| 23 | അൽ ഫാത്തിമ ക്രഷർ | I & II |
| 24 | അൽ സഫ ഡെന്റൽ ക്ലിനിക്, കിഴക്കുംഭാഗം | I & II |
| 25 | ഡെന്റൽ ക്ലിനിക്, മടത്തറ | I & II |
| 26 | കണ്ണൻ സ്മൈൽ കെയർ ഡെന്റൽ ക്ലിനിക് | I & II |
| 27 | നീതി മെഡിക്കൽസ് | I & II |
| 28 | ചിതറ, നീതി മെഡിക്കൽ മടത്തറ | I & II |
| 29 | എ.പി.ആർ.എം.ടി.ടി.സി | I & II |
| 30 | മാവേലി സ്റ്റോർ, മടത്തറ | II |
| 31 | കൃഷ്ണ ഡെന്റൽ ക്ലിനിക് | I & II |

| | | |
|---|---|---|
| 32 | ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് | II |
| 33 | എവർഗ്രീഡ് കണ്ണൻ കോഡ് | II |
| 34 | ജവഹർ എൽ.പി.എസ്, കുരാക്കോട് | II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും റേഷൻ കട ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 17/11.12.23

1-13 വാടക ഈടാക്കാൻ അവശേഷിക്കുന്നു.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ വാടക പൂർണ്ണമായും ഒടുക്കിയിട്ടില്ല. 2022-23 ൽ ലഭിക്കാനുള്ള വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നമ്പർ | വാടകക്കാരന്റെ പേര് | മാസവാടക ₹ (നികുതി ഉൾപ്പെടെ) | കുടിശ്ശിക കാലയളവ് | കുടിശ്ശിക ₹ |
|---|---|---|---|---|---|
| 1. | ചക്കമല ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം.2 | ശ്രീ. സുരേന്ദ്രൻ നിഷാഭവൻ | 707 | 4-22 മുതൽ 03-23 വരെ | 707 |
| 2. | ചക്കമല ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം.3 | ശ്രീ. അബ്ദുൾ റഹീം | 857 | 4-22 മുതൽ 03-23 വരെ | 857 |
| 3. | ചക്കമല ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം.4 | ശ്രീമതി സഫീന | 679 | 4-22 മുതൽ 03-23 വരെ | 679 |
| 4. | മടത്തറ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം.1 | ശ്രീമതി ഗായത്രി, ശിവ തീർത്ഥം | 9558 | 4-22 മുതൽ 03-23 വരെ | 9558 |
| 5 | മടത്തറ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം.4 | ശ്രീ. ഷൈജിൽ, മടത്തറ | 9440 | 5-22 മുതൽ 03-23 വരെ | 8653 |
| 6 | മടത്തറ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം.5 | ശ്രീ. അബ്ദുൽ മനാഫ്, ആസിയ | 9028 | 5-22 മുതൽ 03-23 വരെ | 8275 |
| 7 | മടത്തറ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം.6 | ശ്രീ. അനസ്, മടത്തറ | 8850 | 5-22 മുതൽ 03-23 വരെ | 8112 |
| 8 | മടത്തറ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം.7 | ശ്രീ. ഹേമന്ത്, അമ്മയമ്പലം | 7670 | 5-22 മുതൽ 03-23 വരെ | 7030 |
| 9 | മടത്തറ ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം.11 | ശ്രീ. മാഹിൻ, കാരറ | 6195 | 5-22 മുതൽ 03-23 വരെ | 6195 |
| 10 | കിഴക്കുംഭാഗം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം.5 | ശ്രീ. അബ്ദുൽ വാഹിദ് | 2240 | 7-22 മുതൽ 03-23 വരെ | 1680 |

| | | | | | |
|---|---|---|---|---|---|
| 11 | കിഴക്കുംഭാഗം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം.7 | ശ്രീ. അലി അക്ബർ | 2103 | 7-22 മുതൽ 03-23 വരെ | 1578 |

മേൽ വിഷയം സംബന്ധിച്ച് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 18/11.12.23) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശികയുള്ള വാടകക്കാരിൽ നിന്നും വാടക കുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 18/11.12.23

## 1-14 ഷോപ്പിംഗ് കോംപ്ലക്സ് -കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു

വാടക രജിസ്റ്റർ പ്രകാരം കിഴക്കുംഭാഗം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ 3, 4, 5, 6, 7, 8, 9, 10 നമ്പർ മുറികൾ 2022-23 ൽ ഒഴിഞ്ഞു കിടന്നതായി കാണുന്നു. ഈ കടമുറികൾ ലേലം ചെയ്തിട്ടില്ല.

ഈ മുറികൾ ഗ്രാമപഞ്ചായത്തിന്റെ മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ളതായും ഈ രജിസ്റ്റർ പ്രകാരം വ്യക്തമാക്കിയിട്ടില്ല. മേൽ പറഞ്ഞ മുറികൾ ഒഴിച്ചിടാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 18 /11.12.2023

## 1-15 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്റ്റുകൾക്കായി വിവിധ സ്ഥാപനങ്ങളിൽ ഒടുക്കിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം, പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ്, അടങ്കൽ തുക, ഫണ്ടിനം. | തുക സ്വീകരിച്ച സ്ഥാപനം | ചെലവ് തുക ₹ | ബിൽ നം. |
|---|---|---|---|---|
| 1 | 14/23, ഐ.കെ.എം വിഹിതം | ഐ.കെ.എം | 4,07,464/- | 35/4-1-23 |
| 2 | 147/23, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>അടങ്കൽ തുക – ₹ 2,00,000/-<br>തനത് ഫണ്ട് | കെ.എസ്.ഇ.ബി | 53,688/- | ചെക്ക് നം. 7691187/17.3.23 |
| 3 | 10/23, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>അടങ്കൽ തുക - ₹ 50,60,100/-<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് | കേരള വാട്ടർ അതോറിറ്റി | 50,60,059/- | XVFC-2022-23/p/14 24/3/23 |
| 4 | 145/23, ജീവനം പദ്ധതി<br>അടങ്കൽ തുക - ₹ 50,000/- | ജില്ലാ പഞ്ചായത്ത് സെക്രട്ടറി | 50,000/- | 7691187/17-3-23 |
| 5 | 61/23, പോസ്റ്റ് സ്ഥാപിയ്ക്കൽ<br>അടങ്കൽ തുക - 1,00,000<br>തനത് ഫണ്ട് | കെ.എസ്.ഇ.ബി | 77,288/- | 6535836/23-4-22 |
| | | ആകെ | 56,48,499/- | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 56,48,499/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക - 56,48,499/- രൂപ

ഓഡിറ്റ് അന്വേഷണം – 19/11-12-23

## 1-16 ഭരണഘടനാ സാക്ഷരത - 31,350/- രൂപയുടെ അധിക ചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്ട് നം. 230/2022-23 "ഭരണഘടനാ സാക്ഷരത"

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

വകയിരുത്തൽ – 2,00,000/- രൂപ (വികസനഫണ്ട് (ജനറൽ)- ₹1,00,000/- , തനത് ഫണ്ട് – ₹1,00,000/-)

ചെലവ് – ₹69,600/- (വികസനഫണ്ട് (ജനറൽ)), ₹19,500/- (തനത് ഫണ്ട്)

ജില്ല ആസൂത്രണ സമിതിയുടെ 17/09/2022 ലെ ഉത്തരവ് നം. 7/2021/DPO/KLM പ്രകാരം ഭരണഘടനാ സാക്ഷരത എന്ന പ്രോജക്ടിൽ IEC പ്രവർത്തനങ്ങൾക്ക് 25,000/- രൂപയും, ആമുഖം പകർപ്പിന് 70,000/- രൂപയും സെനറ്റർ അനുബന്ധ ചെലവിന് 11,250/- രൂപയും ഹോണറേറിയം ഇനത്തിൽ 90,000/- രൂപയും മറ്റ് ചെലവുകളും ഉൾപ്പടെ ആകെ 2,00,000/- രൂപയാണ് ചെലവഴിക്കാവുന്നത്. എന്നാൽ 2022-23 ൽ പ്രോജക്ട് പ്രകാരം ആകെ 2,31,350/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ചെലവുകൾ ഉൾപ്പെടുത്തേണ്ട സുലേഖ പത്രിക പ്രകാരം ചെലവ് 89,100/- രൂപയാണ്. വൌച്ചറുകൾ പരിശോധിച്ചതിൽ ഈ ഇനത്തിൽ 1,42,250/- രൂപയുടെ ചെല്വകൾകൂടി നടത്തിയിട്ടുണ്ട്. ആകെ 2,31,350/- രൂപയുടെ ചെലവുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ/ചെക്ക് നം | തീയതി | തുക (രൂപ) | ചെലവ് ഇനം |
|---|---|---|---|
| സുലേഖ പത്രിക പ്രകാരം ഉള്ള ചെലവ് | | | |
| 44/20-3-23 | 20-3-23 | 69,600/- | ഓണറേറിയം |
| 7691198 | 28-3-23 | 19,500/- | പ്രിന്റിംഗ് |
| ആകെ | | 89,100/- | |
| വൌച്ചറുകൾ പ്രകാരം (സുലേഖയിൽ ഉൾപ്പെടാത്ത) ചെലവ് | | | |
| 057558 | 4-6-22 | 2,200/- | അനുബന്ധ ചെലവ് |
| 057590 | 23-6-22 | 8,000/- | |
| 057588 | 23-6-22 | 1,600/- | പ്രിന്റിംഗ് |
| 066565 | 30-8-22 | 43,500/- | അനുബന്ധ |
| 066605 | 12-10-22 | 60,000/- | അനുബന്ധ ചെലവ് |
| 066622 | 9-11-22 | 5,000/- | പ്രിന്റിംഗ് |
| 56837 | 22-11-22 | 8,600/- | അനുബന്ധ ചെലവ് |
| 56842 | 29-11-22 | 1,600/- | അനുബന്ധ ചെലവ് |
| 56879 | 28-1-23 | 1,690/- | അനുബന്ധ ചെലവ് |
| 60737 | 31-3-23 | 10,060/- | പ്രിന്റിംഗ് |
| ആകെ | | 1,42,250/- | |

ആകെ ചെലവ് - (89,100 + 1,42,250) 2,31,350/- രൂപ

അധിക ചെലവിന് ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്നും അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

അധിക ചെലവിന് ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്നും അംഗീകാരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 31,350/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. – 11/11-12-23

നിരാകരിക്കുന്ന തുക – 31,350/- രൂപ

1-17 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - 3,00,000/- രൂപയുടെ മരുന്നുകൾ ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് | 75/2022-23<br>ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ ഫണ്ട്/തുക | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്- 3,00,000/- |
| ചെലവഴിച്ച തുക | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്- 3,00,000/- |
| ബിൽ നം/തീയതി /തുക | 34/4-1-23 |
| പ്രൊഫോർമ ഇൻവോയ്സ് | PF109/14-7-22(ഹോംകോ) |

മേൽ പദ്ധതി പ്രകാരം ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് മുൻകൂറായി തുക നലികിയെങ്കിലും മരുന്നുകൾ ലഭ്യമാക്കിയില്ല. വിശദവിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയും ലഭ്യമാക്കിയില്ല. ആയതിനാൽ 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം – 12/11-12-22

തടസ്സപ്പെടുത്തുന്ന തുക – 3,00,000/ - രൂപ

1-18 ഗ്രാന്റ് ഇനത്തിലെ റീഫണ്ട് 54,69,399/- രൂപ തനത് ഫണ്ടിൽ വകയിരുത്തി.

വിവിധ നിക്ഷേപ പ്രവർത്തികൾക്കായി മുൻ വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ പ്രവൃത്തിപൂർത്തീകരണത്തെതുടർന്ന് 2022-23 ൽ തിരികെ വന്ന 54,69,399/- രൂപ 25/07/2022 ലെ സ.ഉ(സാധാ)നം.1785/2022/LSGD ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് മാത്രമായി വിനിയോഗിക്കുന്നതിനായി ബാദ്ധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. ബാദ്ധ്യത ശീർഷകത്തിൽ വരവ് വയ്ക്കാത്തതിനാൽ 54,69,399/- രൂപ തനത് ഫണ്ടിലേക്ക് വകമാറ്റപ്പെട്ടു വിശദവിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രോജക്ട് നം. | 93/22<br>വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 184/22<br>വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | പ്രോജക്ട് വിശദാംശം ലഭ്യമല്ല |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | |
| നിർവ്വഹണ ഏജൻസി | കേരള വാട്ടർ അതോറിറ്റി | കേരള വാട്ടർ അതോറിറ്റി | കേരള വാട്ടർ അതോറിറ്റി |
| പദ്ധതി അടങ്കൽ | 48,85,500/- രൂപ<br>ധനകാര്യകമ്മീഷൻ അവാർഡ് | 43,55,676/- രൂപ<br>ധനകാര്യകമ്മീഷൻ അവാർഡ് | |
| അനുവദിച്ച തുക ACR ബിൽ നം./ തീയതി & തുക | 147/15-11-2021<br>46,46,200/- രൂപ | 145/15-11-2021<br>41,51,000/- രൂപ | |
| വിനിയോഗ സാക്ഷ്യപത്രം നം/ തീയതി/തുക | AB-4-1/2022/Ph.Dn/KTR Dt 25-01-2023<br>27,90,524/- രൂപ | AB-4-1/2022/Ph.Dn/KTR Dt 02-08-2022<br>26,02,729/- രൂപ | AB-4-1/2022 /Ph.Dn/KTR Dt 24-03-2022<br>2602729/- രൂപ |
| തിരികെ ലഭിച്ച തുക | 18,55,676/- രൂപ | 15,48,271/- രൂപ | 20,65,452/- രൂപ |
| രസീത് നമ്പർ | 1220002050<br>തീ. 07-02-2023 | 1220101966<br>തീ. 04-08-2022 | 1220100190<br>തീ. 16-04-2022 |
| വരവ് സ്വീകരിച്ച അക്കൌണ്ട് ശീർഷകം | 460500201<br>Advance To Water Authority | 190200401<br>Prior Period Income | 190200401<br>Prior Period Income |

54,69,399/- രൂപ 25/07/2022 ലെ സ.ഉ(സാധാ)നം.1785/2022/LSGD ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് മാത്രമായി വിനിയോഗിക്കുന്നതിനായി ബാദ്ധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. 20,65,452/- രൂപ ഏത് പ്രോജക്റ്റിന്റേതാണ് എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി – 23/11-12-2023

1-19 ലേലം അപാകതകൾ

വിവിധ ഇനങ്ങളിലെ കുത്തക ലേലവുമായി ബന്ധപ്പെട്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1-19-1 ലേലത്തുക പൂർണ്ണമായും ഈടാക്കിയില്ല.

വിവിധ സ്ഥലങ്ങളിൽ ഗേറ്റ് ഫീസ് പിരിവ്, ഇറച്ചി വ്യാപാരം എന്നിവ നടത്തുന്നതിനുള്ള അവകാശം വിവിധ വ്യക്തികൾക്ക് ലേലം ചെയ്തു നൽകിയതിൽ ലേലതുക പൂർണ്ണമായും ഒടുക്കുവരുത്തിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലയിനം | ലേലക്കാരന്റെ പേര് | ലേല തീയതി | ലേലം ഉറപ്പിച്ച ഭരണസമിതി തീരുമാനം/ തീയതി | ലേലത്തുക (ജി.എസ്.റ്റി ഉൾപ്പെടെ) ₹ | ഒടുക്കിയ തുക ₹ | കുടിശിക ₹ |
|---|---|---|---|---|---|---|---|
| 1 | കിഴക്കുംഭാഗം മാർക്കറ്റിൽ താൽക്കാലിക സ്റ്റാൾകെട്ടി മാട്ടിറച്ചി വ്യാപാരം | ഷിബു, കോടാനൂർ | 10.03.2022 | 7(1)/10.03.2022 | 4,74,950 | 60,000 | 4,14,950 |
| 2 | കിഴക്കുംഭാഗം മാർക്കറ്റിൽ താൽക്കാലിക സ്റ്റാൾകെട്ടി ആട്ടിറച്ചി വ്യാപാരം | ഷിബു, കോടാനൂർ | 30.3.2022 | 1(5)/04.05.2022 | 5,428 | 1,000 | 4,428 |
| 3 | അയിരക്കുഴി മാർക്കറ്റിൽ താൽക്കാലിക സ്റ്റാൾകെട്ടി മാട്ടിറച്ചി വ്യാപാരം | നസീർ, കൊല്ലായിൽ | 10.03.2022 | 7(1)/10.03.2022 | 2,15,940 | 60,000 | 1,55,940 |
| 4 | കൊല്ലായിൽ മാർക്കറ്റിൽ താൽക്കാലിക സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം | ഷിബു, കോടാനൂർ | 10.03.2022 | 7(1)/10.03.2022 | 1,41,600 | 10,000 | 1,31,600 |
| 5 | കൊല്ലായിൽ മാർക്കറ്റിൽ താൽക്കാലിക | ഷിബു, കോടാനൂർ | 30.03.2022 | 1(5)/04.05.2022 | 3,068 | 1,000 | 2,068 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സ്റ്റാൾകെട്ടി ആട്ടിറച്ചി വ്യാപാരം | | | | | | |
| | ആകെ | | | | | | 7,08,986 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഫയൽ പരിശോധിച്ചതിൽ കുത്തകകൾ ഏറ്റെടുത്തവരുമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിയമാനുസൃത കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. ലേലവ്യവസ്ഥകൾ ഖ.7 പ്രകാരം ലേലം സ്ഥിരപ്പെടുത്തി 7 ദിവസത്തിനകം 200/- രൂപയിൽ കുറയാത്ത സംഖ്യയ്ക്കുള്ള മുദ്രപ്പത്രത്തിൽ ലേലക്കാരൻ കരാർ വയ്ക്കേണ്ടതാണെന്നും ലേലത്തുക ഒട്ടാകെ ഒടുക്ക് വരുത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. ലേല നിബന്ധനകൾ പാലിച്ച് കരാർ വയ്ക്കുകയും ലേല കുടിശ്ശിക ഈടാക്കുകയും ചെയ്തിട്ടില്ലാത്തതിനാൽ ലേലം ഉറപ്പിച്ച് നൽകിയ സെക്രട്ടറിയിൽ നിന്നും ലേല ഇനത്തിലെ നഷ്ടതുക 7,08,986/-രൂപ ഈടാക്കേണ്ടതാണ്.

എൻക്വയറി നം. 20/11.12.2023

നഷ്ടം – 7,08,986/- രൂപ

1-19-2 ലേലം നടത്തിയില്ല

തൻവർഷം ഗ്രാമപഞ്ചായത്ത് ലേലം ചെയ്യാത്തതായ ഇനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

1. ചക്കമല പത്തേക്കർ സ്കൂൾ കോമ്പൗണ്ടിലെ ഫല വൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം.

2. കുമ്പിക്കാട് ചിറക്കരയിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും മേലാദായം എടുക്കാനുള്ള അവകാശം.

3. കാരിച്ചിറ, സൈഡ് വാൾ, തട്ടുപാലം – പഞ്ചായത്ത് ഫലവൃക്ഷങ്ങളിൽ നിന്നും മേലാദായം എടുക്കാനുള്ള അവകാശം.

ഈ ഇനങ്ങൾ മുൻവർഷങ്ങളിൽ ലേലം നടത്തിയിട്ടുണ്ട്. തൻവർഷം ഈ ഇനങ്ങൾ ലേലത്തിൽ നിന്നും ഒഴിവാക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

1-19-3 മാർക്കറ്റ് ഗേറ്റ് ഫീസ് പിരിച്ചില്ല.

അയിരക്കുഴി മാർക്കറ്റിൽ ഗേറ്റ് ഫീസ് പിരിവ് നടത്തുന്നതിനും ചപ്പുചവർ ശേഖരിക്കുന്നതിനും ഉൾപ്പെടെയുള്ള അവകാശം ലേല, പുനർലേലം നടത്തിയെങ്കിലും ആരും ലേലം കൊണ്ടില്ല. തുടർന്ന് ഈ അവകാശം ക്വട്ടേഷനിലൂടെ നൽകാൻ പഞ്ചായത്ത് കമ്മിറ്റി (തീയതി. 14.7.2022) തീരുമാനം എടുത്തു. എന്നാൽ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായി വിവരം ഇല്ല. ഈ മാർക്കറ്റിന്റെ ഗേറ്റ് ഫീസ് പിരിവ് ഇനത്തിൽ തൻവർഷം വരവില്ല. ലേലാവകാശം ആർക്കും നൽകുകയോ പഞ്ചായത്ത് നേരിട്ട് ഗേറ്റ് ഫീസ് പിരിക്കുകയോ ചെയ്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 221 2 എ മുതൽ ഡി വരെയുള്ള വകുപ്പുകൾ പ്രകാരമുള്ള ഇനങ്ങളായ, മാർക്കറ്റിന്റെ ഉപയോഗത്തിന് അവിടെ വിൽപ്പനയ്ക്കായി സാധനങ്ങൾ വയ്ക്കാനുള്ള അവകാശത്തിനുള്ള ഫീസ്, മാർക്കറ്റിൽ കടകളോ സ്റ്റാളുകളോ ഉപയോഗിക്കാനുള്ള ഫീസ്, മാർക്കറ്റിൽ വിൽപ്പനയ്ക്കായി സാധനങ്ങൾ കൊണ്ടുവരുന്ന വാഹനങ്ങൾക്കോ സാധനങ്ങൾക്കോ ഉള്ള ഫീസ്, വിൽപ്പനയ്ക്കായി കൊണ്ടുവരുന്നതോ വിൽക്കുന്നതോ ആയ മൃഗങ്ങൾക്കുള്ള ഫീസ് എന്നിവ 1996ലെ കേരള പഞ്ചായത്ത് രാജ് (പൊതു മാർക്കറ്റുകളുടെയും സ്വകാര്യമാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും ചട്ടങ്ങളിലെ ചട്ടം 8 ലെ പട്ടിക പ്രകാരമുള്ള നിരക്കിൽ പിരിക്കാവുന്നതാണ്.

ലേല, പുനർ ലേലങ്ങൾ നടത്തിയിട്ടും ഈ മാർക്കറ്റുകൾ ലേലംകൊള്ളാൻ ആരും തയ്യാറാകാതിരുന്ന സാഹചര്യത്തിൽ പഞ്ചായത്ത് നേരിട്ട് ഫീസ് പിരിക്കുന്നതിന് തയ്യാറാവാതിരുന്നത് മൂലം ഈ ഇനത്തിൽ വരവ് നഷ്ടം സംഭവിച്ചു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 20/11.12.23

1-20 എക്സിസ്റ്റിംഗ് ബിൽഡിംഗിന്റെ വസ്തു നികുതി പൂർണമായും നിർണ്ണയിച്ചില്ല.

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള 13-ാം വാർഡിലെ ശ്രീ. സിയാദുദ്ദീൻ എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിലുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയ കംപ്ലീഷൻ പ്ലാൻ പ്രകാരം 132.73 ച.മി, 298.82 ച.മി തറവിസ്തീർണ്ണം ഉള്ള വാണിജ്യാവശ്യത്തിനുള്ള 2 എക്സിസ്റ്റിംഗ് ബിൽഡിംഗ് നിലനിൽക്കുന്നുണ്ട്.

എക്സിസ്റ്റിംഗ് ബിൽഡിംഗിന്റെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ 448/A (132.73 ച.മി, GF) കെട്ടിടം പാർപ്പിടാവശ്യം എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ പ്രഥമ മേഖലയിൽ ചിതറ-മടത്തറ പി.ഡബ്ല്യു.ഡി റോഡിന്റെ വശത്തിൽ സ്ഥിതി ചെയ്യുന്ന ഈ കെട്ടിടം ദ്വിതീയ മേഖല (10% ഇളവ്), 1.5 മീറ്ററിൽ കൂടുതലുള്ള റോഡ് അക്സസ്സ് (20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കി) എന്ന് കാണിച്ച് ഇളവ് നൽകിയിരിക്കുന്നു.

298.82 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള രണ്ടാമത്തെ വാണിജ്യ കെട്ടിടത്തിന് 448/B , 448/C, 448/D, 448/E, 448/F, 448/G എന്നീ നമ്പറുകൾ അനുവദിച്ചിരിക്കുന്നു. എന്നാൽ മേൽ നമ്പരുകൾ പ്രകാരം 283.65 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് മാത്രമേ നികുതി നിർണയിച്ചിട്ടുള്ളൂ. 15.17 ചതുരശ്ര മീറ്ററിന് നികുതി നിർണയിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

വസ്തുനികുതി കൃത്യമായി നിർണ്ണയിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും സ്ഥല പരിശോധന നടത്തി മേൽ വാണിജ്യ കെട്ടിടത്തിന് (448/A) കൃത്യമായ ഗണത്തിൽ ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കേണ്ടതും രണ്ടാമത്തെ വാണിജ്യ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ കുറവ് വന്ന 15.17 ചതുരശ്ര മീറ്ററിന് നികുതി നിർണയിച്ച് കുടിശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 15/11.12.2023

1-21 അനുമതിയില്ലാതെ യാത്രാബത്ത അനുവദിച്ചു.

എൻ.ആർ.ഇ.ജി.എസ്.-ലെ ഉദ്യോഗസ്ഥർ ഔദ്യോഗിക ആവശ്യങ്ങൾക്ക് ജൂറിസ്ഡിക്ഷന് പുറത്ത് പോയ യാത്രകൾക്ക് യാത്രാബത്ത അനുവദിച്ചതിൽ, യാത്ര ചെയ്ത് രണ്ടു വർഷം കഴിഞ്ഞ യാത്രകൾക്കും അനുമതിയില്ലാതെ യാത്രാബത്ത നൽകി. സ.ഉ.(എം.എസ്.)നം.287/2006/തസ്വഭവ, 16.12.2006, സ.ഉ.(സാധാ) നം.4342/2008/തസ്വഭവ, 17.02.2008 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ്. ഉദ്യോഗസ്ഥർക്ക് ക്ലാസ്-III ഓഫീസർക്ക് അനുവദനീയമായ നിരക്കിൽ യാത്രാബത്ത അനുവദിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് വകുപ്പ് 56(B-2), 53 (B-II) എന്നിവ പ്രകാരം യാത്ര ചെയ്ത ഉദ്യോഗസ്ഥർ യാത്ര ചെയ്ത തീയതി മുതൽ ഒരു വർഷത്തിനകം യാത്ര സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി യാത്രാ ഡയറി സമർപ്പിക്കണമെന്നും യാത്രാബത്തയ്ക്ക് അർഹമായ തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ തുക ചെലവ് ചെയ്യണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. രണ്ട് വർഷത്തിന് ശേഷമുള്ള കാലയളവിലെ തുകയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ യാത്ര ചെയ്ത ഉദ്യോഗസ്ഥരുടെ യാത്രാഡയറിയുടെ അഭാവത്തിലും ഭരണ വകുപ്പിന്റെ ഉത്തരവില്ലാതെയും രണ്ടു വർഷ കാലയളവ് കഴിഞ്ഞ യാത്രകൾക്ക് യാത്രാബത്ത അനുവദിച്ചു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ വിവരം | യാത്ര നടത്തിയ കാലയളവ് | അനുവദിച്ച യാത്രാബത്ത (₹) | വൗച്ചർ നം./ചെക്ക് നം./തീയതി |
|---|---|---|---|---|
| 1. | ശ്രീ. അജാസ് മുഹമ്മദ്, അസി. എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ്. | 5/2020<br>6/2020 | 1,280/-<br>640/- | വൗച്ചർ നം. 222605/21.11.2022<br>ചെക്ക് നം. |

| | | | | |
|---|---|---|---|---|
| | | 7/2020 | 640/- | 56835/16.11.2022 |
| | | 8/2020 | 320/- | |
| | | 9/2020 | 320/- | |
| | | 10/2020 | 640/- | |
| | | 11/2020 | 320/- | |
| | | 12/2020 | 640/- | |
| | | ആകെ | 4,800/- | |
| 2. | ശ്രീമതി. നിസ എസ്. എസ്, അക്കൗണ്ടന്റ്, എൻ.ആർ.ഇ.ജി.എസ്. | 6/2020 | 250/- | വൗച്ചർ നം. 222605/21.11.2022 ചെക്ക് നം. 56835/16.11.2022 |
| | | 7/2020 | 250/- | |
| | | 8/2020 | 250/- | |
| | | 10/2020 | 250/- | |
| | | 11/2020 | 250/- | |
| | | 12/2020 | 250/- | |
| | | ആകെ | 1,500/- | |
| 3 | ശ്രീമതി. സാറ്റിയ, അക്കൗണ്ടന്റ്, എൻ.ആർ.ഇ.ജി.എസ്. | 6/2020 | 250/- | വൗച്ചർ നം. 222605/21.11.2022 ചെക്ക് നം. 56835/16.11.2022 |
| | | 8/2020 | 250/- | |
| | | 10/2020 | 500/- | |
| | | 11/2020 | 250/- | |
| | | 12/2020 | 500/- | |
| | | ആകെ | 1,750/- | |
| 4 | ശ്രീമതി. ഇന്ദു എൻ. എസ്, അക്കൗണ്ടന്റ്, എൻ.ആർ.ഇ.ജി.എസ്. | 6/2020 | 250/- | വൗച്ചർ നം. 222605/21.11.2022 ചെക്ക് നം. 56835/16.11.2022 |
| | | 7/2020 | 250/- | |
| | | 9/2020 | 250/- | |
| | | 10/2020 | 250/- | |
| | | 11/2020 | 250/- | |
| | | 12/2020 | 500/- | |
| | | ആകെ | 1,750/- | |

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി യാത്രാബത്ത അനുവദിച്ചതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/7.12.2023) മറുപടി ലഭ്യമാക്കിയില്ല.

മേൽപറഞ്ഞ ഉദ്യോഗസ്ഥരുടെ യാത്രാഡയറിയും അഡ്മിനിസ്ട്രേറ്റീവ് വകുപ്പിൽ നിന്നുള്ള അനുമതിയും ഇല്ലാതെ യാത്രാബത്ത ഇനത്തിൽ അനുവദിച്ച 9800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. 7/7.12.2023

തടസ്സപ്പെടുത്തിയ തുക – 9,800/- രൂപ

1-22 കേന്ദ്രീയ വിദ്യാലയം സർവ്വേ ചാർജ് - രേഖകൾ ഹാജരാക്കിയില്ല.

കേന്ദ്രീയ വിദ്യാലയത്തിനു വേണ്ടി അഞ്ച് ഏക്കർ 50 സെന്റ് സ്ഥലം അളന്ന് തിട്ടപ്പെടുത്തിയതിന് സർവ്വേ ചാർജ് ഇനത്തിൽ 7,000/-രൂപ "സ്പാൻ, സർവ്വേയിംഗ് സൊല്യൂഷൻ" എന്ന സ്ഥാപനത്തിന് 57568/17.06.2022 നമ്പർ ചെക്ക് പ്രകാരം (വൗച്ചർ നം. 2200190/17.06.2022) നൽകി. എന്നാൽ സ്ഥലം അളക്കാൻ ഗ്രാമപഞ്ചായത്തിനെ നിയോഗിച്ചുകൊണ്ടുള്ള ഉത്തരവോ, തുടർനടപടികളുടെ വിവരമോ,

അനുബന്ധ രേഖകളോ ഫയലിനൊപ്പം ഇല്ല.

ആയത് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6(1)/07.12.2022) മറുപടി ലഭ്യമാക്കിയില്ല.

സർവ്വേയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ആയതിനായി നടത്തിയ 7,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം . 6(1)/07.12.2022

തടസ്സപ്പെടുത്തിയ ചെലവ് - 7,000/- രൂപ

1-23 തനത് വരുമാനം - അവലോകനം

1) വസ്തുനികുതി പരിഷ്കരണം -2023-24

സ.ഉ(കൈ)നം. 77/2023/തസ്വഭവ തീയതി 22.03.2023ലെ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെ വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

കൂടാതെ 2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 18.05.2023-ലെ 4(I) നമ്പർ തീരുമാനം, 10.07.2023 ലെ VI(I) തീരുമാനം എന്നിവ അംഗീകരിച്ച് അന്തിമ നിരക്കുകൾ പ്രസിദ്ധീകരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

ഗ്രാമപഞ്ചായത്തിന്റെ വികസനസ്ഥിതി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം നടത്തുന്നതിന് 2011ലെ കേരള പഞ്ചായത്ത് രാജ് ( വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2023-24 ലെ വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കുമ്പോൾ മേഖലാ നിർണ്ണയം, റോഡിന്റെ തരം എന്നിവ കൃത്യമായി രേഖപ്പെടുത്താതെ വസ്തുനികുതി ഇളവ് നൽകിയിട്ടുണ്ടെങ്കിൽ ആയത് ക്രമപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

2) ലൈസൻസ്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്, രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഹരിത കർമ്മസേനയുടെ രേഖകൾ പ്രകാരം 811 സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ 599 സ്ഥാപനങ്ങൾ മാത്രമാണ് 2022-23 ൽ ലൈസൻസ് അപേക്ഷ നൽകിയിട്ടുള്ളത്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി

പുറപ്പെടുവിച്ചിട്ടുള്ള ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി)നം.80/2017, എസ്.ആർ.ഒ. നം. 674/2017 വിജ്ഞാപനം) പ്രകാരം ലൈസൻസ് നൽകുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

3) തൊഴിൽ നികുതി

പഞ്ചായത്ത് പരിധിയിൽവിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ക്ഷീര സഹകരണ സംഘങ്ങൾ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ,സ്വകാര്യ വാഹന ഉടമകൾ, റേഷൻ കടയുടമകൾ എന്നീ സ്ഥാപനങ്ങൾ/വ്യക്തികളുടെ ലിസ്റ്റ് സൂക്ഷിക്കുകയോ തൊഴിൽ നികുതി/സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡേറ്റാബേസ് സൂക്ഷിക്കേണ്ടതും അവരിൽ നിന്നും കൃത്യമായി തൊഴിൽനികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 5/07.12.2023

1-24 ഹരിത കർമ്മസേന - അവലേകനം

23 വാർഡുകളിലായി 46 ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നു. മാസംതോറും ഹരിത കർമ്മ സേന വാതിൽപടി സേവനം നടത്തിവരുന്നു. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന ക്ളീൻ കേരളാ കമ്പനിയ്ക്ക് കൈമാറുന്നുണ്ട്. ഹരിത സഹായ സ്ഥാപനമായ IRTC യുടെ ഏകോപനത്തിലൂടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ട നിലയിലും വ്യവസ്ഥാപിതമായും നടത്തി വരുന്നു .

പ്രതിമാസം എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും സന്ദർശനം നടത്തി പ്രവർത്തന കലണ്ടർ പ്രകാരമുള്ള മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് കരാർ നിബന്ധനകൾക്കനുസൃതമായി ക്ലീൻ കേരളാ കമ്പനിയ്ക്ക് (സി.കെ.സി) കൈമാറുന്നു. യൂസർഫീ ഇനത്തിലും പ്ലാസ്റ്റിക്ക് തരംതിരിച്ച് കൈമാറുന്നതിനും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രതിമാസം അക്കൗണ്ടിലൂടെ മാത്രം തുക വിനിയോഗം ചെയ്തു വരുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് 11,000/- രൂപ ശരാശരി വേതനം നൽകി വരുന്നു. ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾക്ക് ആവശ്യമായ രസീതുകൾ ,ഗ്ലൗസ്,മറ്റു അത്യാവശ്യ സാമഗ്രികൾ ഇവ പഞ്ചായത്ത് നൽകി വരുന്നു.

മാലിന്യ സംസ്കരണം എന്ന ആശയം കുട്ടികളിലൂടെ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടി ചിതറ ഗ്രാമപഞ്ചായത്തിൽ ശുചിത്വോത്സവം നടത്തുകയുണ്ടായി. ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനായി ഇക്കഴിഞ്ഞ ഗ്രാമസഭകളിൽ പ്രത്യേക അജണ്ട വയ്ക്കുകയും ചെയ്തു. സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കുന്നതിന് എല്ലാ ഭവനങ്ങളിലും ക്യൂ ആർ കോഡ് പതിച്ച് യൂസർഫീ കളക്ട് ചെയ്യുന്നു.

പഞ്ചായത്തിന്റെയും ഹരിതകർമ്മസേനാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ പെൺരാവേറ്റം എന്ന പരിപാടിയിലൂടെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും ഹരിതകർമ്മസേനയുടെ പ്രാധാന്യവും പൊതുജനങ്ങളിലെത്തിക്കുന്നതിന് പഞ്ചായത്തിന് സാധ്യമായി. മൈക്ക് അനൗൺസ്മെന്റും വാർഡ് തലത്തിൽ ബോധവൽക്കരണവും നടത്തി. പഞ്ചായത്തിലെ വിവിധ സേവനങ്ങൾ നൽകുന്നതിന് ഗ്രീൻകാർഡ് നിർബന്ധമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്ത് ഘട്ടം ഘട്ടമായി പ്രാവർത്തികമാക്കി വരുന്നു. മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിനായി ഒരു ഹെൽപ് ഡെസ്ക് രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

ഹരിത കർമ്മസേന പ്രവർത്തന റിപ്പോർട്ട് 2022-23

| മാസം | ലഭിച്ച യൂസർഫീ | നൽകിയ വേതനം | ശേഖരിച്ച അജൈവ | CKC യ്ക്ക് കൈമാറിയ | CKC യിൽ നിന്നും ലഭിച്ച തുക |
|---|---|---|---|---|---|

| | | | മാലിന്യം (Kg) | അജൈവമാലിന്യം (Kg) | |
|---|---|---|---|---|---|
| ഏപ്രിൽ | 4,12,600/- | 3,71,340/- | 4200 Kg | 3185 Kg | 22,300/- |
| മേയ് | 4,26,400/- | 3,83,760/- | 4138 Kg | 3689 Kg | 21,900/- |
| ജൂൺ | 4,39,800/- | 3,95,820/- | 5003 Kg | 4222 Kg | 22,400/- |
| ജൂലൈ | 4,77,200/- | 4,29,480/- | 4875 Kg | 4006 Kg | 28,442/- |
| ഓഗസ്റ്റ് | 4,36,141/- | 3,92,526/- | 5236 Kg | 4996 Kg | 44,309/- |
| സെപ്റ്റംബർ | 4,96,850/- | 4,47,165/- | 5526 Kg | 4859 Kg | 44,625/- |
| ഒക്ടോബർ | 5,27,200/- | 4,74,480/- | 4876 Kg | 3996 Kg | 40,450/- |
| നവംബർ | 4,90,100/- | 4,41,090/- | 4700 Kg | 4225 Kg | 48,825/- |
| ഡിസംബർ | 5,11,700/- | 4,60,530/- | 5265 Kg | 4756 Kg | 51,339/- |
| ജനവരി | 4,66,250/- | 4,19,625/- | 4900 Kg | 3856 Kg | 35,616/- |
| ഫെബ്രുവരി | 4,52,400/- | 4,07,160/- | 4599 Kg | 4050 Kg | 31,035/- |
| മാർച്ച് | 4,15,400/- | 3,73,860/- | 5512 Kg | 4625 Kg | 54,297/- |

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ബെയിലിംഗ് യൂണിറ്റ്, ഷ്രഡിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കാവുന്നതാണ്.
2. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
3. പഞ്ചായത്ത് തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.
4. ജൈവമാലിന്യങ്ങൾ ഉപയുക്തമാക്കിക്കൊണ്ട് വളമാക്കി വിതരണം ചെയ്യാവുന്നവിധം സംവിധാനങ്ങൾ നടപ്പാക്കാവുന്നതാണ്.
5. ഹരിതകർമസേനകലണ്ടർ പ്രകാരം കൃത്യമായി മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നുണ്ടെന്നും യഥാസമയം ഏജൻസികൾക്ക് കൈമാറുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.

1-25 ഡെപ്പോസിറ്റ് റീഫണ്ട് ചെയ്തതിലെ അപാകത - രേഖകളില്ലാതെ ഡെപ്പോസിറ്റ് തിരികെ നൽകി.

രസീതിന്റെ ഒറിജിനലോ, മുദ്രപത്രത്തിൽ ബോണ്ടോ ലഭ്യമാക്കാതെ, ഡെപ്പോസിറ്റ് തുക തിരികെ നൽകി. 2017-18 ൽ ബിഡേഴ്സ് ഇ.എം.ഡി ഇനത്തിൽ അവലോൺ സിസ്റ്റം & സർവ്വീസ് എന്ന സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രസീത് നം. 11701010105399/9.2.2018 പ്രകാരം 3,000/- രൂപ ഒടുക്കിയിട്ടുണ്ട്. ഡെപ്പോസിറ്റ് തുക തിരികെ ആവശ്യപ്പെട്ടുകൊണ്ടുള്ള സ്ഥാപനത്തിന്റെ അപേക്ഷയിൽ ഗ്രാമപഞ്ചായത്ത് നൽകിയ മേൽപറഞ്ഞ രസീതിന്റെ അസ്സൽ ഉൾപ്പെടുത്തിയിട്ടില്ല. അസ്സൽ രസീത് ഇല്ലെന്നുള്ള വിവരം രേഖപ്പെടുത്തിയ ബോണ്ട് ഗ്രാമപഞ്ചായത്തിന് ഈ സ്ഥാപനം നൽകിയതായി കാണുന്നില്ല. അസ്സൽ രസീതിന്റെയും മുദ്രപത്രത്തിൽ ബോണ്ട് വയ്ക്കാതെയും മേൽപറഞ്ഞ ഡെപ്പോസിറ്റ് തുക 3,000/- രൂപ 56895/17.02.2023 നമ്പർ ചെക്ക് പ്രകാരം (വൌച്ചർ നം. 22200876/17.02.2023) ഈ സ്ഥാപനത്തിന് അനുവദിച്ചു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8(1)/7.12.22) മറുപടി ലഭ്യമാക്കിയില്ല.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 36 പ്രകാരം തുക സ്വീകരിച്ച രസീതിന്റെ ഒറിജിനൽ ഹാജരാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിയമാനുസൃത രേഖകളുടെ അഭാവത്തിൽ നടത്തിയ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 8(1)/07.12.2022
തടസ്സപ്പെടുത്തിയ തുക – 3,000/- രൂപ

### 1-26 വാടക ഡെപ്പോസിറ്റ് - കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ പേജ് നം 10 ൽ, 26.08.2021 ലെ 12010101635, 12010101636, 12010101637, 12010101638 എന്നീ രസീത് നമ്പറുകൾ പ്രകാരം ശ്രീ.സുപ്രസിദ്ധൻ എന്ന വ്യക്തിയിൽ നിന്നും ഈടാക്കിയ റെന്റ് ഡെപ്പോസിറ്റ് 8,000/- രൂപ (2,000x4) 05555/3.6.2022 നമ്പർ ചെക്ക് പ്രകാരം ഒറിജിനൽ രസീതുകൾ ഹാജരാക്കിയതിനാൽ തിരികെ നൽകിയിട്ടുണ്ട്. ഈ തുകയുടെ വിതരണ ശേഷവും ഈ രജിസ്റ്ററിലെ പേജ് നം. 13 ൽ തുക ബാധ്യതയായി നിലനിർത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ രേഖകളിൽ തിരികെ നൽകാൻ ബാക്കിയുള്ള ഡെപ്പോസിറ്റ് തുകയുടെയും ആയതിന്റെ രസീതുകളുടെയും വിവരം ലഭ്യമാകുന്നില്ല. ആയതിനാൽ റീഫണ്ട് ചെയ്യപ്പെട്ട രസീതുകളിൽ തുടർന്നും നിലനിർത്തിയവയുടെ വിവരം ഓഡിറ്റിന് പരിശോധിക്കാനാകുന്നില്ല.

വിവിധ കടമുറികളുടെ വാടക കുടിശ്ശികക്കാരുടെ 2022-23 വാടക തുക ഇ.എം.ഡിയിൽ അഡ്ജസ്റ്റ് ചെയ്തതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അഡ്ജസ്റ്റ്മെന്റ് വിവരം തുടർന്നുള്ള വർഷത്തെ (2023-24 ലെ) വാടക രജിസ്റ്ററിലെ ഡെപ്പോസിറ്റ് തുകയിൽ കുറവ് ചെയ്തിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലും വാടകയായി അഡ്ജസ്റ്റ് ചെയ്ത തുകയുടെ വിവരം കാണിച്ച് ഡെപ്പോസിറ്റ് തുകയിൽ കുറവ് ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ILGMS സോഫ്റ്റ് വെയറിലും ഇപ്രകാരം കുറവ് രേഖപ്പെടുത്തിയല്ല ബാധ്യത നിലനിർത്തിയിരിക്കുന്നത്.

അഡ്ജസ്റ്റ്മെന്റ് വിവരം കൃത്യമായി രേഖപ്പെടുത്താതിരുന്നത് മൂലം തുക തെറ്റായി റീഫണ്ട് ചെയ്യപ്പെടാൻ സാധ്യതയുണ്ട്. ഡെപ്പോസിറ്റിൽ അഡ്ജസ്റ്റ് ചെയ്ത തുകയുടെ വിവരം രേഖപ്പെടുത്തിയതിലെ അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 22 (4)/11.12.23) നൽകിയെങ്കിലും ആയത് പരിഹരിച്ചില്ല.
ഗ്രാമപഞ്ചായത്തിൽ നിന്നും റീഫണ്ട് ചെയ്ത ഡെപ്പോസിറ്റുകളുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും തുടർന്നും റീഫണ്ട് ചെയ്ത രസീതുകളുടെ വിവരം നിലനിർത്തിയിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

### 1-27 ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് ഹാജരാക്കിയില്ല - 2,04,609/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന് (മഹീന്ദ്ര ബോലെറോ ജീപ്പ് - KL24-S-7301) ഇന്ധനം നിറയ്ക്കുന്നതിന് എസ്.എസ്.ഫ്യുവൽസ് എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. ചെലവ് വൌച്ചറുകൾ പ്രകാരം വിവിധ തീയതികളിൽ ഇന്ധനം നിറയ്ക്കുന്നതിനായി നടത്തിയ ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | തുക (രൂപ) | ചെക്ക് നം. / തീയതി |
|---|---|---|
| 1 | 21,097 | 57557/04.06.2022 |
| 2 | 30,350 | 57579/20.06.2022 |
| 3 | 25,286 | 066528/25.07.2022 |
| 4 | 20,975 | 066599/07.10.2022 |
| 5 | 24,593 | 56828/10.11.2022 |
| 6 | 17,330 | 56834/14.11.2022 |
| 7 | 26,067 | 56839/25.11.2022 |
| 8 | 17,081 | 56839/25.11.2022 |
| 9 | 21,830 | 56868/11.01.2023 |
| ആകെ | 2,04,609/- | |

ഈ വാഹനത്തിന്റെ ലോഗ്ബുക്കോ ഫ്യുവൽ എഫിഷ്യൻസി സർട്ടിഫിക്കറ്റോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 324 പ്രകാരം കെ.എഫ്.സി. വോള്യം II ൽ നൽകിയിട്ടുള്ള ഫാറം നം. 48 (ലോഗ്ബുക്ക്), 48 എ (ലോഗ് ബുക്ക് പ്രതിമാസ സംക്ഷിപ്തം), 48 ബി (DCB രജിസ്റ്റർ) എന്നീ ഫാറങ്ങളിൽ വാഹനങ്ങളുടെ രജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ലോഗ്ബുക്കിൽ വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റിന്റെ സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതും ആയതനുസരിച്ചാണ് ഇന്ധന ഉപയോഗം നടത്തിയതെന്ന് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ലോഗ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറികൾ നൽകിയെങ്കിലും (നം. 6(3)/7.12.23, 24/11.12.23) ആയത് ലഭ്യമാക്കിയില്ല.

ലോഗ്ബുക്കിന്റെയും, ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റിന്റെയും അഭാവത്തിൽ ഔദ്യോഗിക വാഹനത്തിന് ഇന്ധനം നിറയ്ക്കുന്നതിനായി നടത്തിയ 2,04,609/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 6(3)/07.12.2023, 24/11.12.2023

തടസ്സപ്പെടുത്തിയ തുക – 2,04,609/- രൂപ

## 1-28 ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിച്ചു.

2021-22 ൽ 563 സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുണ്ട്. ഇവയിൽ തൻവർഷം പ്രവർത്തിച്ച 28 സ്ഥാപനങ്ങൾ മാത്രമാണ് യഥാസമയം ലൈസൻസ് പുതുക്കിയിട്ടുള്ളത്. മറ്റുള്ള സ്ഥാപനങ്ങൾ 2022-23 ൽ ലൈസൻസ് പുതുക്കിയ തീയതി വരെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചത്. 1994 ലെ കേരള പഞ്ചായത്തീരാജ് നിയമം വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിന് സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനു വിരുദ്ധമായി സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിച്ചതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22(1)/11.12.2023) മറുപടി ലഭ്യമാക്കിയില്ല.

വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതും തുടർന്നും ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-29 സ്വകാര്യമാർക്കറ്റിന് ലൈസൻസ് - രേഖകൾ ഹാജരാക്കിയില്ല

സ്വകാര്യ മാർക്കറ്റ് ആയ വളവ് പച്ച മാർക്കറ്റിന് ലൈസൻസ് നൽകിയ ഇനത്തിൽ ഫീസായി ശ്രീ. നവാസ് എന്ന വ്യക്തി (വൌച്ചർ നം. 1220102346/27.9.2022) 50/- രൂപ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. 01.4.2022 മുതൽ 31.3.2023 വരെയുള്ള കാലയളവിൽ പ്രവർത്തിക്കുന്നതിനായാണ് ലൈസൻസ് നൽകിയത്. ഈ ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട അപേക്ഷയോ, മാർക്കറ്റിന്റെ വിശദാംശമോ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ഈ സ്വകാര്യമാർക്കറ്റ് ഗ്രാമപഞ്ചായത്തിൽ പുതിയതായി പ്രവർത്തനമാരംഭിച്ചതാണോ, നിലവിലുള്ള മാർക്കറ്റിന് ലൈസൻസ് പുതുക്കി നൽകിയതാണോ എന്ന് വ്യക്തമല്ല. സ്വകാര്യ മാർക്കറ്റിന് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 222ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതുപ്രകാരം പുതിയ മാർക്കറ്റിന്റെ കാര്യത്തിൽ 0.1 ഹെക്ടർ വരെ വിസ്തീർണ്ണമുള്ള മാർക്കറ്റിന് 200/- രൂപ ലൈസൻസ് ഫീയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 50/- രൂപ മാത്രമാണ് തൻവർഷം ഈടാക്കിയത്. 1996 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടെയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ, ചട്ടം 9 പ്രകാരം മാർക്കറ്റിനുള്ളിലുള്ള കടകളുടെ എണ്ണം, സ്ഥാപനങ്ങളുടെയും സ്റ്റാളുകളുടെയും വിവരങ്ങൾ, തുറസ്സായ സ്ഥലങ്ങൾ, പോക്കുവരവിനുള്ള വഴികൾ, അഴുക്കുചാലുകൾ, കൈവഴികൾ, ശുചിമുറികൾ എന്നിവയുടെ സ്ഥാനം മുതലായ വിവരങ്ങൾ കാണിക്കുന്ന സ്കെച്ച് അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട മേൽപറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ഫീസിനത്തിൽ വരവിൽ കുറവ് സംഭവിച്ചത് പരിഹരിച്ചും വിവരം അറിയിക്കേണ്ടതാണ്.

1-30 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പദ്ധതി, നം | ഷീപാഡ് പദ്ധതി (നം. S0149/22) |
| അടങ്കൽ തുക | 7,00,000/- രൂപ (സംസ്ഥാനാവിഷ്കൃത ഫണ്ട് ) |
| ചെലവ് തുക | 7,00,000/- രൂപ (Cheque No. 060735/31.03.23) |

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കായുള്ള 'ഷീ പാഡ്'' പദ്ധതി നടപ്പിലാക്കുന്നതിലേക്കായി കേരള സ്റ്റേറ്റ് വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡിന് 7 ലക്ഷം രൂപ നൽകിയിട്ടുണ്ട്. 8 സ്കൂളുകളിൽ ഇൻസിനേറ്റർ സ്ഥാപിക്കുന്നതിനും അലമാര, പെൺകുട്ടികൾക്കുള്ള പാഡ് എന്നിവ നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇൻസിനേറ്റർ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, പദ്ധതി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതുവരെ 7,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം – 16/11.12.23

തടസ്സപ്പെടുത്തിയ തുക – 7,00,000/-രൂപ

1-31 രേഖകൾ ഹാജരാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. സുലേഖാ ചെലവ് പത്രിക, ബിൽ രജിസ്റ്റർ, എ.സി.ആർ ഇവ പ്രകാരം താഴെ പറയുന്ന ചെലവുകൾ നടന്നതായി കാണുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| 1 | പ്രോജക്ട് നം. 55/23<br>എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കുന്നതിനായി ക്രൂസിന് നൽകാനുള്ള ബാക്കി തുക ഒടുക്കൽ (S.O)<br>അടങ്കൽ -₹ 3,61,074/- ,<br>ചെലവ് - ₹ 3,61,074/- ഫണ്ട് - വികസന ഫണ്ട് ജനറൽ | ₹ 3,61,074/-<br>ബിൽ നം - 22/17-5-22 |
| 2 | 190/23 - അങ്കണവാടിയ്ക്ക് നെയിം ബോർഡ് സ്ഥാപിയ്ക്കൽ,<br>അടങ്കൽ - ₹ 96,000/- , ചെലവ് – ₹ 9,600/-<br>ഫണ്ട് - കേന്ദ്രാവിഷ്കൃതം | ₹ 9,600/-<br>ചെക്ക് നം-060739/31.3.23 |
| 3 | പ്രോജക്ട് നം. 54/23<br>Purchase Of Vehicle For Waste Carrying<br>(C.F.C, Tied Grant)<br>പ്രോജക്ട് നം 54/23 സുലേഖാപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | ₹ 8,36,398/-<br>എ.സി .ആർ ബിൽ<br>നം-27/17-5-22 |
| | ആകെ | ₹ 12,07,072/- |

ഓഡിറ്റിനായി ഫയൽ ഹാജരാക്കുന്നതിന് ഓഡിറ്റ് റിക്വസിഷൻ, ഓഡിറ്റ് എൻക്വയറി ഇവ നൽകിയെങ്കിലും ഫയലുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 12,07,072/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ ചെലവ് രേഖകൾ, പ്രോജക്ട് നം. 54/23 സുലേഖാപത്രികയിൽ ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം എന്നിവ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 1/6.12.23

തടസ്സപ്പെടുത്തിയ തുക – 12,07,072/- രൂപ

## 1-32 വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പദ്ധതികളിൽ വിതരണ രേഖകൾ കൃത്യമല്ല

കോഴിവളർത്തലിനായുള്ള 4 പ്രോജക്ടുകളിലായി ആകെ 7940 കോഴികളെ വിവിധ നഴ്സറികളിൽ നിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് 9,52,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ കോഴികളെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താവ് സമർപ്പിച്ച അപേക്ഷയിൽ ഉൾപ്പെടുത്തിയ രസീതിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ ഇല്ല. പ്രസ്തുത പ്രജക്ടുകളിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടാത്തതിനാലും, രസീതിൽ ഗുണഭോക്താവിന് ലഭിച്ച കോഴികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും വിതരണ വിവരം ഓഡിറ്റിൽ പരിശോധിക്കാൻ കഴിയുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. / പേര് | 23/23<br>അടുക്കള മുറ്റത്തെ കോഴി വളർത്തൽ വനിത (ജനറൽ)<br>സ്പിൽ ഓവർ | 24/23<br>അടുക്കള മുറ്റത്തെ കോഴി വളർത്തൽ വനിത (എസ് സി )<br>സ്പിൽ ഓവർ | 159/23<br>മുട്ട കോഴി വളർത്തൽ വനിത (ജനറൽ) | 184/23<br>മുട്ട കോഴി വളർത്തൽ വനിത (എസ് സി ) |
|---|---|---|---|---|
| വകയിരുത്തിയ ഫണ്ട് /തുക | വികസന ഫണ്ട് ജനറൽ- ₹1,72,500 | വികസന ഫണ്ട് എസ്.സി.പി – ₹2,03,500 | വികസന ഫണ്ട് ജനറൽ- ₹9,66,000 | വികസന ഫണ്ട് എസ്.സി.പി – ₹4,14,000 |
| ചെലവഴിച്ച തുക | ₹1,72,500 | ₹2,03,500/- | ₹3,78,000 | ₹1,98,000 |
| ബിൽ നം /തീയതി /തുക | 03/25-04-2022<br>₹1,72,500/- | 01/20-04-2022<br>₹2,03,500/- | 08/31-03-2023<br>₹3,78,000/- | 04/18-03-2023<br>₹1,62,000/-<br>10/31-03-2023<br>₹36,000/- |
| ഇൻവോയ്സ് നം. | 10/23-03-2022<br>(ബിസ്മി എഗ്ഗർ നഴ്സറി)<br>1290 കോഴികൾ @120= 154800<br>Limited To ₹154500 | ഇല്ല /25-03-2022<br>(മിർസാന എഗ്ഗർ നഴ്സറി)<br>1250 കോഴികൾ @120= 150000<br>Limited To ₹149500 | 55/26-03-2023<br>എസ്.എ.എസ് ഫാം & എഗ്ഗർ നഴ്സറി)<br>3150 കോഴികൾ @120= ₹378000 | 40 /29-01-2023<br>എസ്.എ.എസ് ഫാം & എഗ്ഗർ നഴ്സറി)<br>1350 കോഴികൾ @120= ₹162000 |
| | 54/26-03-2022(<br>എസ്.എ.എസ് ഫാം & എഗ്ഗർ നഴ്സറി)<br>150 കോഴികൾ @20= ₹18000 | 54/25-03-2022(<br>എസ്.എ.എസ് ഫാം & എഗ്ഗർ നഴ്സറി)<br>450 കോഴികൾ @120= ₹54000 | | ഇല്ല/25-03-2022<br>(കാവേരി എഗ്ഗർ നഴ്സറി)<br>300 കോഴികൾ @120= ₹36000 |

കൈപ്പറ്റ് രസീതുകൾ സൂക്ഷിക്കുന്നതിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/11.12.2023) രസീതുകൾ കൃത്യമായി സൂക്ഷിക്കാം എന്ന് മറുപടിയാണ് ലഭ്യമാക്കിയത്. ഫയലുകൾ പൂർണ്ണമായി പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 7940 കോഴികളെ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 13/11-12-2023

## 1-33 ബയോ ബിൻ വിതരണം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അധികം പിൻവലിച്ച തുക ഗുണഭോക്തൃ വിഹിതത്തിൽ നിന്നും ക്രമീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് | 08/23 ഗാർഹിക ബയോബിൻ വിതരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ – മടത്തറ സർക്കിൾ |
| വകയിരുത്തിയ ഫണ്ട് /തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ₹18,04,100<br>തനത് ഫണ്ട് - ₹580<br>ഗുണഭോക്തൃ വിഹിതം – ₹2,00,520 |
| ചെലവഴിച്ച തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ₹6,75,500<br>തനത് ഫണ്ട് - 0<br>ഗുണഭോക്തൃ വിഹിതം – 0 |

വി.ഇ.ഒ – മടത്തറ സർക്കിൾ നടപ്പാക്കിയ പ്രോജക്റ്റ് നമ്പർ 8/23 ഗാർഹിക ബയോബിൻ പദ്ധതിയുടെ തൻവർഷ ചെലവിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹68,000/- അധികമായി പിൻവലിച്ചിട്ടുണ്ട്. 2023-24 ലെ പ്രോജക്റ്റ് സ്പിൽ ഓവറായി നടപ്പാക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രോജക്റ്റിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന ഗുണഭോക്തൃ വിഹിതത്തിൽ ക്രമപ്പെടുത്തേണ്ടതും അപ്രകാരം ക്രമീകരിക്കുമ്പോൾ ഗുണഭോക്തൃ വിഹിതത്തിൽ അവശേഷിക്കുന്ന 835/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിലേക്ക് ക്രമീകരിക്കേണ്ടതുമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാർ എടുത്ത സ്ഥാപനം | റാം ബയോളജിക്കൽസ്, കുറ്റിയാട് |
| ഒരു യൂണിറ്റിന്റെ വില | ₹1,351/- |
| ധനകാര്യ കമ്മീഷൻ വിഹിതം | ₹1,215/- |
| ഗുണഭോക്തൃ വിഹിതം | ₹136/- |
| 2022-23 ൽ വാങ്ങിയ യൂണിറ്റുകൾ | 500<br>(ഇൻവോയസ് നം. 30/2022-23 തീ. 24-02-2023) |
| വില | 500*1351= ₹ 6,75,500/- |
| 2023-24 ൽ വാങ്ങിയ യൂണിറ്റുകൾ | 428<br>(ഇൻവോയസ് നം. 02/23-24 തീ. 18-04-2023) |
| വില | 428*1351= ₹ 5,78,228/- |
| ആകെ വില | ₹ 12,53,728/- |
| 2022 -23 ഗുണഭോക്തൃ വിഹിതം പിരിച്ചത് | 843*136 = ₹ 1,14,648/- |
| 2023 -24ഗുണഭോക്തൃ വിഹിതം പിരിച്ചത് | 85*136 = ₹ 11,560/- |
| ആകെ ഗുണഭോക്തൃ വിഹിതം പിരിച്ചത് | ₹ 1,26,208/- |
| 2022- 23 ധനകാര്യ കമ്മീഷൻ ഗ്രാൻഡ് നിന്നും ചെലവഴിച്ച തുക | ₹ 6,75,500/-<br>(Sanction No-459/27-03-2023) |
| 2022- 23 ധനകാര്യ കമ്മീഷൻ ഗ്രാൻഡ് നിന്നും ചെലവഴിക്കേണ്ട തുക= 500*1215 | ₹ 6,07,500/- |
| 2022- 23 ധനകാര്യ കമ്മീഷൻ ഗ്രാൻഡ് നിന്നും അധികം ചെലവഴിച്ച തുക | ₹ 68,000/- |
| 2022 -23 ഗുണഭോക്തൃ വിഹിതം ചെലവഴിക്കേണ്ടത്<br>= 500*136 | ₹ 68,000/- |
| 2022 -23 ഗുണഭോക്തൃ വിഹിതം ചെലവഴിച്ചത് | 0 |
| 2023- 24ധനകാര്യ കമ്മീഷൻ ഗ്രാൻഡ് നിന്നും ചെലവഴിച്ച | ₹ 4,52,855/- |

| | |
|---|---|
| തുക. | (Sanction No-32/14-06-2023) |
| ധനകാര്യ കമ്മീഷൻ ഗ്രാൻഡ് നിന്നും ആകെ ചെലവഴിച്ച തുക. (675500+452855) | ₹ 11,28,355/- |
| ധനകാര്യ കമ്മീഷൻ ഗ്രാൻഡ് നിന്നും അധികം ചെലവഴിച്ച തുക ((928*1215-)-1128355) | ₹ 835/- |

2022-23 സാമ്പത്തിക വർഷം പ്രോജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 6,07,500/- രൂപ മാത്രമാണ് ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ ഗുണഭോക്തൃ വിഹിതത്തിൽ നിന്നും ചെലവഴിക്കേണ്ട 68,000/- രൂപ ഉൾപ്പടെ 6,75,500/- രൂപ ധനകാര്യ കമ്മീഷൻ ഗ്രന്റിൽ നിന്നും ചെലവഴിച്ചു. അപാകതയിന്മേൽ വിശദീകരണം നൽകാനും 2023-24 സാമ്പത്തിക വർഷം റാം ബയോളജിക്കൽസ് എന്ന സ്ഥാപനത്തിന് അനുവദിക്കേണ്ട 1,25,373/- രൂപ (1253728 – 1128355) ഗുണഭോകതൃവിഹിതത്തിൽ നിന്നും അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അധികം ചെലവഴിച്ച 835/- രൂപ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/11-12-2023) അപാകതകൾ 2023-24 ൽ പരിഹരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. അപാകത പരിഹരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 7/11-12-2023

## 1-34 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 13,86,50,330/- രൂപ വകയിരുത്തി 285846 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 298985 തൊഴിൽ ദിനങ്ങൾ (104.59%) സൃഷ്ടിക്കാൻ കഴിഞ്ഞതായി കാണുന്നു. വിവിധ പ്രവൃത്തികൾക്കായി 11,47,11,000/- രൂപ ചെലവഴിച്ചിട്ടുണ്ട് (വകയിരുത്തിയ തുകയുടെ 82.73%). 100 ദിനം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം 1709 ആണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | മണ്ണ്/ജലസംരക്ഷണ പ്രവൃത്തികൾ | 414 | 141 | 131 | 10 | 31.64 |
| 2 | വ്യക്തിഗത പ്രവൃത്തികൾ | 584 | 94 | 78 | 16 | 13.35 |
| 3 | റോഡ് കോൺക്രീറ്റ് | 23 | 0 | 0 | 0 | 0 |
| 4 | ഫാം പോണ്ട് | 74 | 1 | 1 | 0 | 1.35 |
| 5 | വൃക്ഷത്തൈ നടീൽ | 23 | 23 | 23 | 0 | 100 |
| 6 | തരിശ് ഭൂമി, നിലം, സംഘകൃഷി | 23 | 3 | 3 | 0 | 13.04 |
| ആകെ | | | | | 26 | |

പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/7.12.23) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രവൃത്തികൾ ഭൗതികമായി പൂർത്തീകരിച്ചിട്ടുള്ളവയാണെന്നും, പേയ്മെന്റ് പോകാനുള്ളതുകൊണ്ടാണ് പ്രവൃത്തികൾ

പൂർത്തീകരിക്കാത്തതായി കാണിക്കുന്നതെന്നും അറിയിച്ചു. അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യം സമയബന്ധിതമായി കൈവരിക്കാനുള്ള കാര്യക്ഷമമായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

1-35 പൂർത്തീകരണ കാലാവധി ദീർഘിച്ചതിന് പിഴ ഈടാക്കിയില്ല.

